## അടിയന്തര പ്രമേയം

<u>വിദ്യാർത്ഥി മാർച്ചിന് നേരെയുണ്ടായ ലാത്തിച്ചാർജ്ജ്</u>

ഫീസ് വർദ്ധനയ്ക്കെതിരെ ഇന്നലെ കണ്ണൂർ സർവ്വകലാശാല ആസ്ഥാനത്തേയ്ക്ക് മാർച്ച് നടത്തിയ എസ്.എഫ്.ഐ. പ്രവർത്തകർക്കുനേരെ ലാത്തിച്ചാർജ്ജ് നടത്തുകയും പെൺകുട്ടികൾ ഉൾപ്പെടെയുള്ള വിദ്യാർത്ഥികൾക്ക് പരിക്കേൽക്കുകയും ചെയ്തതിനെത്തുടർന്ന് ഉളവായിട്ടുള്ളതായി പറയപ്പെടുന്ന സ്ഥിതിവിശേഷം സംബന്ധിച്ച് ഇന്നത്തെ സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് സർവ്വശ്രീ ഇ.പി. ജയരാജൻ, കെ. രാജു, മാത്യു റ്റി. തോമസ്, എ.എ. അസീസ്, എ.കെ. ശശീന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>): സർ, കണ്ണൂർ യൂണിവേഴ്സിറ്റിയിലെ ഫീസ് വർദ്ധനവിനെ എതിർത്തുകൊണ്ട് എസ്.എഫ്.ഐ. ജില്ലാ സെക്രട്ടറി സരീം ശശിയുടെ നേതൃത്വത്തിൽ അഞ്ഞൂറോളം വിദ്യാർത്ഥികൾ മങ്ങാട്ടുപറമ്പുള്ള കണ്ണൂർ യൂണിവേഴ്സിറ്റി ഓഫീസിലേയ്ക്ക് മാർച്ച് നടത്തി. മാർച്ചിൽ പങ്കെടുത്തവർ പ്രകോപനപരമായി മുദ്രാവാക്യം വിളിച്ചുകൊണ്ട് യൂണിവേഴ്സിറ്റി അഡ്മിനിസ്ട്രേഷൻ ബ്ലോക്കിലേയ്ക്ക് അതിക്രമിച്ച് പ്രവേശിക്കാൻ ശ്രമിക്കവെ തളിപ്പറമ്പ് ഡിവൈ.എസ്.പി. യുടെ നേതൃത്വത്തിൽ പോലീസ് പാർട്ടി വിദ്യാർത്ഥികളെ തടഞ്ഞുനിർത്തി. അതിനെത്തുടർന്ന് വിദ്യാർത്ഥികൾ അഡ്മിനിസ്ട്രേഷൻ ബ്ലോക്കിന് മുൻവശത്ത് കുത്തിയിരുന്ന് പ്രതിഷേധിച്ചു. എനിക്ക് അവിടെ നിന്ന് കിട്ടിയ റിപ്പോർട്ട് ഇങ്ങനെയാണ്; മാർച്ച്

ഉദ്ഘാടനം ചെയ്യുന്നതിനായി വന്ന സി.പി.എം. ജില്ലാ സെക്രട്ടറി ശ്രീ. പി. ജയരാജൻ ഉദ്ഘാടന സ്ഥലത്തുനിന്നും പോയതിനുശേഷം എസ്.എഫ്.ഐ. പ്രവർത്തകർ മുദ്രാവാക്യം വിളിക്കുകയും പന്ത്രണ്ടര മണിയോടുകൂടി യാതൊരു പ്രകോപനവുമില്ലാതെ യൂണിവേഴ്സിറ്റിയിലേയ്ക്ക് തളളിക്കയറാൻ ശ്രമിക്കുകയും ചെയ്തു. അവർ കല്ലേറ് നടത്തിയപ്പോൾ പോലീസ് **റ്റിയർ** ഗ്യാസ് ഷെല്ലുകൾ പൊട്ടിച്ച് അവരെ പിരിച്ചുവിടുകയുണ്ടായി. കല്ലേറിൽ യൂണിവേഴ്സിറ്റിയുടെ മുൻവശത്തെ ജനൽ ഗ്ലാസ് പൊട്ടുകയും ഡ്യൂട്ടിയിലുണ്ടായിരുന്ന തളിപ്പറമ്പ് ഡിവൈ.എസ്.പി. ഉൾപ്പെടെ 18 പോലീസുകാർക്ക് പരിക്ക് പറ്റുകയുമുണ്ടായി. ഇതിൽ സാരമായ പരിക്കുപറ്റിയ ഡിവൈ.എസ്.പി. യെയും രണ്ട് **പി. സി.മാരേയും** ആശുപത്രിയിൽ പ്രവേശിപ്പിച്ചിട്ടുണ്ട്. വിദ്യാർത്ഥികൾ നടത്തിയ കല്ലേറിൽ 9 വിദ്യാർത്ഥികൾക്കും 3 വിദ്യാർത്ഥിനികൾക്കും പരിക്ക് പറ്റിയിട്ടുണ്ട്. 3 വിദ്യാർത്ഥികൾ തളിപ്പറമ്പ് കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റലിലും മറ്റ് 6 വിദ്യാർത്ഥികൾ കണ്ണൂർ എ.കെ.ജി. ആശുപത്രിയിലും ചികിത്സയിലുണ്ട്. സംഘർഷത്തെത്തുടർന്ന് ചിതറിയോടിയ വിദ്യാർത്ഥികൾ യൂണിവേഴ്സിറ്റിയുടെ പിൻവശത്ത് നിർത്തിയിട്ടിരുന്ന ഒരു കാറിന് കേടുവരുത്തിയിട്ടുണ്ട്. കണ്ണൂർ യൂണിവേഴ്സിറ്റിയിൽ കഴിഞ്ഞ 11 വർഷത്തിനുശേഷമാണ് ഫീസ് വർദ്ധനവ് വരുത്തിയിട്ടുളളത്. വളരെ കാര്യമായ വർദ്ധനവില്ല, യൂണിവേഴ്സിറ്റി സാമ്പത്തികമായി വളരെ ക്ഷീണത്തിലാണ്, ഇക്കാര്യം എല്ലാ ആളുകൾക്കും അറിയാവുന്നതാണ്. മാൽപ്രാക്ടീസ് നടത്തിയ കുട്ടികളുടെ ഫൈൻ, കൺസോളിഡേറ്റഡ് മാർക്ക് ലിസ്റ്റിനുവേണ്ടിയുളളത് - 200 രൂപയിൽ നിന്ന് 1000 രൂപയാക്കി കൂട്ടിയിട്ടുണ്ട്. ഗ്രേസ് മാർക്ക് എന്റർ ചെയ്യുന്നതിന് താമസിച്ചുപോയാൽ, അവർക്കുളള ഫീസ് 200 രൂപയിൽ നിന്ന് 1000 രൂപയാക്കിയിട്ടുണ്ട്. ഫാക്കൽറ്റി ഇംപ്രൂവ്മെന്റ് സ്കീമിനകത്ത്

വരുന്നത് അദ്ധ്യാപകരാണ്. ആ അദ്ധ്യാപകർക്കുള്ള തുക 500 രൂപയിൽ നിന്ന് 2000 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. എനിക്ക് യൂണിവേഴ്സിറ്റിയിൽ നിന്നും കിട്ടിയ അറിയിപ്പനുസരിച്ച് ഈ ഫീസ് വർദ്ധനവെല്ലാം കൂടി കൂട്ടി മൊത്തത്തിൽ ഒരു വർഷത്തിൽ 20 ലക്ഷം രൂപയുടെ വർദ്ധനവ് മാത്രമേ വരികയുള്ളൂ. പേപ്പർ വാല്യുവേഷൻ നടത്തുന്നതിനുള്ള തുക 50 രൂപയിൽ നിന്ന് 60 രൂപയായി ഈ 11 കൊല്ലക്കാലത്തിനിടയിൽ ആദ്യമായി കൂട്ടിയിട്ടുണ്ട്. ഈ 11 കൊല്ലക്കാലത്തിനിടയിൽ ശമ്പള വർദ്ധനവ് എത്രയോ പ്രാവശ്യമുണ്ടായിട്ടുണ്ട്. .......(ബഹളം)........

<u>മി. സ്പീക്കർ</u>: നിയമസഭയിൽ ബഹുമാനപ്പെട്ട അംഗങ്ങൾ ആര് സംസാരിച്ചാലും, താല്പര്യമുള്ളവർ കേൾക്കട്ടെ, ഇല്ലാത്തവർ പുറത്തുപോകണം. ഞാൻ വീണ്ടും പറയുന്നു. ഇത് നാലാമത്തെ പ്രാവശ്യമാണ് പറയുന്നത്. നിയമസഭയ്ക്കകത്ത് ഒരുപക്ഷേ മാറി ഇരിക്കേണ്ടിവരും. അങ്ങനെ ഇരിക്കാൻ സാധിക്കാത്തവർ, ഭരണപക്ഷമായാലും പ്രതിപക്ഷമായാലും. ഹാളിൽ നിന്ന് പുറത്തുപോകണം. ഇനി ചെയർ ആവർത്തിക്കുകയില്ല. വാക്കാലുള്ള ശാസനയല്ല, നിർബന്ധമായും നടപടിയെടുക്കും.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി <u>(ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ)</u>: ഇവിടെ 11 കൊല്ലത്തിനുശേഷമുള്ള വർദ്ധനവാണ് പറഞ്ഞിരിക്കുന്നത്. അതിൽ ചില ഇനങ്ങളിൽ പ്രത്യക്ഷത്തിൽ ഫീസ് കൂടിയിട്ടുണ്ടെന്ന് തോന്നാം. പക്ഷേ അത് വളരെ ചുരുക്കം ആളുകളാണ്. പോസ്റ്റ് ഗ്രാജുവേഷനിൽ പഠിക്കുന്ന ആളുകൾ എഫ്.ഐ.പി. സ്കീമിൽപ്പെട്ട ആളുകൾ, അങ്ങനെയുള്ള ആൾക്കാർ. ഫാക്കൽറ്റി ഇംപ്രൂവ്മെന്റ് സ്കീമാകുമ്പോൾ അങ്ങേയ്ക്ക് അറിയാം, അദ്ധ്യാപകരാണ് അതിനകത്ത് വിദ്യാർത്ഥികളായി വരുന്നത്. ഏതെങ്കിലും ഒരു സ്ഥാപനത്തിൽ നിന്ന് സ്പോൺസർ ചെയ്ത് വരുന്ന ആളു

കളാണ് അവർ. മാൽപ്രാക്റ്റീസസ് നടത്തിയ കുട്ടികളുടെ മാർക്ക് ലിസ്റ്റ് കൊടുക്കുമ്പോഴുള്ള തുകയിലും ഒരു വർദ്ധനവുണ്ടായിട്ടുണ്ട്. അതുകൊണ്ട് അവിടെ 11 കൊല്ലക്കാലത്തിനുള്ളിൽ ഒരു വലിയ വർദ്ധനവുണ്ടായെന്ന് പറയാൻ കഴിയില്ല. മൊത്തത്തിൽ 20 ലക്ഷം രൂപയുടെ വർദ്ധനവ് മാത്രമാണ് യൂണിവേഴ്സിറ്റിക്ക് കിട്ടിയിട്ടുള്ളത്. യൂണിവേഴ്സിറ്റി സാമ്പത്തിക ക്ലേശത്തിലാണ്. ഈ പ്രശ്നങ്ങളൊക്കെ പറഞ്ഞ് തീർക്കാനുള്ളതേയുള്ളൂ. അതുകൊണ്ട് ഒരു സമരവും അതോടൊപ്പംതന്നെ കുട്ടികളെ ഇറക്കി കളിക്കുന്ന രീതിയിലുള്ള ഒരു നടപടിയിലേയ്ക്ക് പോകാതെ സംഘർഷമൊഴിവാക്കിക്കൊണ്ട് ഈ പ്രശ്നത്തിന് പരിഹാരമുണ്ടാക്കേണ്ടതാണ്. അതിനുള്ള ഒരു സമീപനമാണ് വളരെ പക്വതയോടുകൂടി നമ്മൾ എടുക്കേണ്ടതെന്നുള്ളതാണ് ഗവൺമെന്റിന്റെ സ്റ്റാന്റ്.

<u>ശ്രീ. ഇ. പി. ജയരാജൻ</u>: സർ, ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി വിദ്യാർത്ഥി രാഷ്ട്രീയത്തിലൂടെ ഈ സ്ഥാനത്തേയ്ക്ക് ഉയർന്നുവന്ന നേതാവാണ്. അദ്ദേഹം വിദ്യാഭ്യാസ പ്രശ്നത്തെ സംബന്ധിച്ചും ഫീസ് വർദ്ധനവിനെ സംബന്ധിച്ചും ഇത്തരത്തിലൊരു നിലപാട് സ്വീകരിക്കാൻ പാടില്ലായിരുന്നു. ഇന്നലെ കണ്ണൂർ യൂണിവേഴ്സിറ്റി പരിസരമാകെ പോലീസ് നടത്തിയ ഭീകരമായ ആക്രമണത്തേയും അതിക്രമത്തേയും ന്യായീകരിക്കാനുള്ള ചില ശ്രമങ്ങളാണ് അദ്ദേഹം ഇവിടെ നടത്തിയത്. അവിടത്തെ യഥാർത്ഥ പ്രശ്നങ്ങളെ സംബന്ധിച്ചോ, നടന്നിട്ടുള്ള വസ്തുതകളെ സംബന്ധിച്ചോ ഈ സഭയുടെ മുമ്പാകെ ശരിയായ നിലയിൽ ആഭ്യന്തര വകുപ്പുമന്ത്രിയെന്നുള്ള നിലയിൽ പ്രതിപാദിക്കാതിരുന്നത് കഷ്ടമായിപ്പോയി. ഒരുപക്ഷേ അദ്ദേഹം ആഭ്യന്തര വകുപ്പുമന്ത്രിയെന്നുള്ള നിലയിൽ അതിക്രമങ്ങളൊക്കെ നടത്തിയ പോലീസ് എഴുതിക്കൊടുക്കുന്ന റിപ്പോർട്ട് വായി

ക്കാൻമാത്രം ബാധ്യസ്ഥനായ മന്ത്രിയെന്നുള്ള നിലയിലായിരിക്കാം അദ്ദേഹം അത് ഇവിടെ വായിച്ചത്. ഇന്നലെ അവിടെ നടന്നത് അതിനീചമായ, അതിഭീകരമായ പോലീസ് അതിക്രമമാണ്. ഇത് കണ്ണൂരിൽ ഇന്നലെ തുടങ്ങിയതല്ല. കുറച്ചുനാളായി അവിടെ നടത്തിക്കൊണ്ടിരിക്കുന്ന അക്രമപരമ്പരയുടെ ഭാഗമാണ്. കണ്ണൂർ സർവ്വകലാശാലയിൽ വൻതോതിലുള്ള ഫീസാണ് വർദ്ധിപ്പിച്ചത്. ദേശാഭിമാനിയോ ജനയുഗമോ അല്ല, നിങ്ങളെ അനുകൂലിക്കുന്ന നിങ്ങൾക്ക് എന്തും എഴുതിയിട്ടുള്ള മലയാള മനോരമ ഇന്ന് പ്രസിദ്ധീകരിച്ചിട്ടുള്ള പത്രത്തിലെ ഒരു വാർത്ത ഞാൻ വായിക്കാം – 'സിൻഡിക്കേറ്റിന് കീശ വീർപ്പിക്കാൻ പകൽക്കൊള്ള'. ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി അതൊന്നെടുത്ത് നോക്കണം. ആ പകൽക്കൊള്ളയെ സംബന്ധിച്ച് നിങ്ങൾ പരിശോധിക്കണം. ഇപ്പോൾ അവിടെ ഒരു സിൻഡിക്കേറ്റുണ്ട്. രാഷ്ട്രീയ താൽപ്പര്യങ്ങൾവച്ച് ഒരു അക്കാഡമിക് കാര്യങ്ങളെക്കുറിച്ചും പരിശോധിക്കാതെ കുറച്ച് ആളുകളെ നിശ്ചയിച്ചുകൊണ്ടുള്ള ഒരു സിൻഡിക്കേറ്റാണ് അത്. ജാതിയോ മതമോ നിശ്ചയിക്കാൻ പറ്റാത്തതുകൊണ്ട് ഒരു വൈസ് ചാൻസിലറെ നിങ്ങൾക്ക് ഇന്നുവരെ നിശ്ചയിക്കാൻ സാധിച്ചിട്ടില്ല. ഒരു ഗവൺമെന്റ് സെക്രട്ടറിയാണ് ഇപ്പോൾ വി.സി.–യുടെ ചുമതല വഹിക്കുന്നത്. ആ സിൻഡിക്കേറ്റ് ആദ്യം അവരുടെ സിറ്റിംഗ് ഫീസ് വർദ്ധിപ്പിച്ചു. 150 രൂപ സിറ്റിംഗ് ഫീസ് 750 രൂപയായി വർദ്ധിപ്പിച്ചു. യോഗ്യൻമാരുടെ സിൻഡിക്കേറ്റു തന്നെ. അത് ബഹുമാനപ്പെട്ട മന്ത്രി പരാമർശിക്കാതെ പോയത് കഷ്ടമായിപ്പോയി. കൃത്രിമം കാണിക്കുന്ന കുട്ടികളുടെ സർട്ടിഫിക്കറ്റിന്റെ ചാർജ്ജെന്ന് പറഞ്ഞ് ഫീസിന്റെ കാര്യം നിങ്ങൾ ലഘൂകരിച്ചല്ലോ. അവിടെ ചെയ്തിട്ടുള്ളത് ഡിഗ്രി സർട്ടിഫിക്കറ്റ്, ഡിപ്ലോമ എന്നിവയ്ക്ക് നിലവിലുള്ള ഫീസ് 75 രൂപ

യാണ്. അത് 200 രൂപയായി വർദ്ധിപ്പിച്ചു. ഡിഗ്രി സർട്ടിഫിക്കറ്റിനുള്ള ഫീസ് 200 രൂപ എന്നത് 300 രൂപയാക്കി. പി.ജി.–യുടേത് 150 രൂപയിൽനിന്ന് 500 രൂപയാക്കി. എം.ഫില്ലിന്റേത് 200 രൂപയിൽനിന്ന് 1,000 രൂപയാക്കി വർദ്ധി പ്പിച്ചു. പിഎച്ച്.ഡി.–യുടേത് 300 രൂപയിൽനിന്ന് 2,000 രൂപയാക്കി വർദ്ധിപ്പിച്ചു. ഡ്യൂപ്ലിക്കേറ്റ് മാർക്ക് ലിസ്റ്റിന്റെ ഫീസ് 250 രൂപയെന്നുള്ളത് 500 രൂപയാക്കി. ഡ്യൂപ്ലിക്കേറ്റ് മാർക്ക് ലിസ്റ്റ് സർച്ച് ഫീസ് 300 രൂപയെന്നുള്ളത് 1,000 രൂപയാക്കി. കൺസോളിഡേറ്റഡ് മാർക്ക് ലിസ്റ്റിന്റേത് 150 രൂപ യിൽനിന്ന് 2,000 രൂപയായി വർദ്ധിപ്പിച്ചു. അത് ലഭിക്കണമെങ്കിലുള്ള ഫീസ് 150 രൂപയിൽനിന്ന് 2,000 രൂപയാക്കി. ഇത് എത്രമാത്രം വലിയ വർദ്ധന വാണ്? ഇതിനൊന്നും ഒരു നാഥനില്ലേ? എന്തും ചെയ്യാനുള്ള അവകാശം, എങ്ങനെയും വർദ്ധിപ്പിക്കാനുള്ള അവകാശം ഒരു സിൻഡിക്കേറ്റിന് കൊടു ക്കുകയാണ്. അവർ ഇങ്ങനെ ഇരിക്കുന്നു, ഫീസ് വർദ്ധിപ്പിക്കുന്നു. അവിടെ പഠിച്ചുകൊണ്ടിരിക്കുന്ന കുട്ടികളുടെ സംഘടനയല്ലേ എസ്.എഫ്.ഐ. നിങ്ങ ളുടെ വിദ്യാർത്ഥി സംഘടന അവിടെയുണ്ട്. ഈ ഫീസ് ന്യായമാണോയെന്ന് നിങ്ങൾ അവരോട് ചോദിച്ചിരുന്നോ? ഫീസ് വർദ്ധിപ്പിച്ചതിന് ഐ.എ.എസ്. ഉദ്യോഗസ്ഥന്റെ തലയിൽ കരിഓയിൽ ഒഴിച്ചല്ലോ. നിങ്ങൾ നടപടിയൊന്നും എടുത്തിട്ടില്ല. അത് നിങ്ങളുടെ കാര്യം. ഞങ്ങളുടെ തലയിൽ ഞങ്ങളൊഴി ക്കുന്ന താർ, നിങ്ങൾക്ക് എന്താണ്? നിങ്ങൾ ചോദിക്കും. ഐ.എ.എസ്. ഉദേ ്യാഗസ്ഥൻ നിങ്ങളുടെ ഉദ്യോഗസ്ഥനാണ്. അദ്ദേഹമല്ലല്ലോ ഫീസ് വർദ്ധിപ്പി ച്ചത്? ഇവിടെ ശ്രീ. പി. സി. വിഷ്ണുനാഥ് ഇരിക്കുന്നുണ്ട്. കരിഓ യിൽകൊണ്ട് തലയിൽ ഒഴിച്ചില്ലേ? ............(ബഹളം).......... നിങ്ങളുടെ സംഘട

നക്കാർ, .............(ബഹളം).......... ഒഴിച്ചല്ലോ, ശ്രീ. സണ്ണി ജോസഫ്, ഒഴിച്ചിട്ടില്ലേ? .............(ബഹളം).......... നിങ്ങൾ ഒഴിച്ചിട്ടുണ്ടല്ലോ. .............(ബഹളം).......... നിങ്ങളുടെ പുറത്താക്കലും അകത്താക്കലുമൊക്കെ എല്ലാവർക്കും അറിയാവുന്ന കാര്യമാണ്. ഇപ്പോൾ കാര്യങ്ങളൊക്കെ പുറത്തുവന്നിട്ടുണ്ട്. നിങ്ങളുടെ പോലീസ് കോടതിയിൽ എടുത്ത നിലപാട് എന്താണ്? ഞാൻ അതിലേയ്ക്കല്ല പോകുന്നത്. ഇവിടെ ഫീസ് അനധികൃതമായി വർദ്ധിപ്പിച്ചു. ഈ ഫീസ് വർദ്ധന അനധികൃതമാണ്, വർദ്ധിപ്പിക്കരുതെന്ന് പറഞ്ഞ് വിദ്യാർത്ഥികൾ നിവേദനം കൊടുത്തു. സത്യാഗ്രഹവും നിരാഹാര സത്യാഗ്രഹവും മാർച്ചും നടത്തി. ഇത് കുറേ ദിവസങ്ങളായി നടന്നുവരികയാണ്. വ്യാഴാഴ്ച ചർച്ച ചെയ്യാമെന്ന് അവസാനം വിദ്യാർത്ഥി നേതാക്കളോട് പറഞ്ഞു. ചർച്ച ചെയ്യാനും ആളില്ല. അവരോട് പറയുന്ന വാക്കും പാലിക്കുന്നില്ല. ഏതെങ്കിലും തരത്തിലുള്ള നിലപാട് അവിടത്തെ സിൻഡിക്കേറ്റ് സ്വീകരിച്ചുവോ? ഇന്നലെ ചർച്ച ചെയ്യാമെന്ന് പറഞ്ഞു. വൈകുന്നേരം അഞ്ചുമണിവരെ കാത്തിരുന്നിട്ട് ഇവിടെ ഒരു ചർച്ചയുമില്ല, നാഥനുമില്ല, ആളുമില്ല. അനധികൃതമായ ഫീസ് വർദ്ധനവിൽ പ്രതിഷേധിച്ച് കുട്ടികൾ.......... ഇതിന് സിന്ദാബാദ് വിളിക്കാൻ ഒരുപക്ഷേ നിങ്ങളുടെ വിദ്യാർത്ഥി സംഘടനയുണ്ടാകും. ഫീസ് വർദ്ധനവ് ഇനിയും വന്നോട്ടെ, അത് ഇനിയും എസ്.എഫ്.ഐ അംഗീകരിച്ചിട്ടില്ല. അവർ അവിടെ സമാധാനപരമായ ഒരു മാർച്ച് നടത്തി. ഗേറ്റിന് മുന്നിലെത്തി, മാർച്ച് അവിടെയിരുന്നു. അവിടെ ഉദ്ഘാടന പ്രസംഗം നടന്നു. അവരും കുത്തിയിരുന്ന് മുദ്രാവാക്യം വിളിക്കുന്നു. ഗ്രനേഡ് എന്തിനാണ് നിങ്ങൾ നേരത്തെ കൊണ്ടുപോയിവച്ചത്; എന്തിനാണ് ജലപീരങ്കി ഉപയോഗിച്ച് വിദ്യാർത്ഥികളെ പിരിക്കാനുള്ള നിപലാട് സ്വീകരിച്ചത്; എന്തിനാണ് ഗ്രനേഡ് ഉപയോഗിച്ചത്? ഇതൊക്കെ നിങ്ങൾ നേരത്തെ തയ്യാറാക്കിവച്ചിരിക്കുകയാണല്ലോ. നിങ്ങൾക്ക്

നേരത്തെയൊരു ഉദ്ദേശമുണ്ട്. അത് അവിടത്തെ സിൻഡിക്കേറ്റിലെ ചില ആളുകളുടെ രാഷ്ട്രീയ താൽപ്പര്യംവച്ച് പറയുന്നതാണ്. അതിന്റെ ഭാഗമായി അവിടത്തെ സമരം അടിച്ചമർത്തുക. ഞങ്ങൾ എന്തായാലും ഫീസ് പിരിക്കുമെന്നുള്ള നിലപാടിന്റെ ഭാഗമായി നിങ്ങൾ പോലീസിനെ സജ്ജമാക്കി. ജലപീരങ്കിയും ടിയർ ഗ്യാസും ഗ്രനേഡും തോക്കും........ അവിടെ എത്രമാത്രം പോലീസ് ഫോഴ്സാണ്. വിദ്യാർത്ഥികളുടെ ഇരട്ടിയിലധികമാണ് പോലീസ്. അവിടെയിരുന്ന് മുദ്രാവാക്യം വിളിക്കുന്ന കുട്ടികളെ ഒരു കാരണവുമില്ലാതെ പോലീസ് തല്ലിയോടിക്കുന്ന പടം പത്രങ്ങളിലും ടി.വി.-യിലുമൊക്കെ വന്നിട്ടില്ലേ. ഇപ്പോൾ അതൊക്കെ ദൃശ്യമല്ലേ. എത്ര ഭീകരമായിട്ടാണ് അവിടെ നിങ്ങൾ ആക്രമണം സംഘടിപ്പിച്ചത്. അവിടെ നടന്ന ഭീകരാക്രമണത്തിന്റെ ഫലമായി പെൺകുട്ടികളെ തല്ലി. വനിതാ ഹോസ്റ്റലിൽ കയറിത്തല്ലി, ക്യാന്റീനിനകത്ത് കയറിത്തല്ലി. റോഡിലൂടെ വഴിപോകുന്ന ആളുകളെ മുഴുവൻ നിങ്ങൾ തല്ലിയോടിച്ചു. അവിടെ വന്നിരിക്കുന്ന രക്ഷിതാക്കളെ നിങ്ങൾ ആക്രമിച്ചു. കയറൂരിവിട്ട് ഭ്രാന്തിളകിയ മട്ടിലല്ലേ പോലീസ് കണ്ണൂർ യൂണിവേഴ്സിറ്റിയുടെ പരിസര പ്രദേശങ്ങളിൽ അഴിഞ്ഞാടിയത്. നിങ്ങൾക്ക് ഈ രാജ്യത്തിന്റെ പ്രശ്നം പരിഹരിക്കലാണോ ലക്ഷ്യം. പോലീസിനെ കയറൂരിവിട്ടുകൊണ്ട് എന്തും നടത്താം, ഏത് അക്രമങ്ങളും നടത്താം. അതിന് അവർക്ക് ലൈസൻസ് കൊടുത്തതിന്റെ ദുരന്തമാണ് കണ്ണൂർ യൂണിവേഴ്സിറ്റിയിലുണ്ടായിട്ടുള്ളത്. നിങ്ങൾ ഇത്തരത്തിലുള്ള അതിക്രമങ്ങൾ അവസാനിപ്പിക്കണം. ഗവൺമെന്റിന്റെ അനുമതിയും നിർദ്ദേശങ്ങളുമില്ലാതെ ഇത്തരമൊരു സംഭവം നടക്കുകയില്ല. ആസൂത്രിതമായ അതിഭീകരമായ ആക്രമണമാണ് അവിടെ നടന്നത്. 700 മുതൽ 700 ശതമാനംവരെ ഫീസ് വർദ്ധനവിനെതിരായി നടത്തിയി

ട്ടുള്ള സമരത്തെ പോലീസിനെ ഉപയോഗിച്ച് അടിച്ചമർത്താൻ സാധിക്കുമെന്നാണോ നിങ്ങൾ വിചാരിക്കുന്നത്. സി.ഐ.ടി.യു.–വിന്റെ നേതാക്കൾ കുറേ കാര്യങ്ങൾ പറഞ്ഞു. സി.ഐ.ടി.യു.–വിന്റെ ഒരു അഖിലേന്ത്യാ സമ്മേളനം കണ്ണൂരിൽ നടക്കുകയാണ്. കണ്ണൂർ പട്ടണത്തിലെ ഇരുട്ടി, പിണറായി, വേങ്ങാട്, ചക്കരക്കല്ല്, കണ്ണൂർ സിറ്റി എന്നീ പ്രദേശങ്ങളിലൊരിടത്തും സി.ഐ.ടി.യു.–വിന്റെ ബോർഡും സി.പി.ഐ.(എം)–ന്റെ കൊടിമരവും വയ്ക്കുകയില്ല. യു.ഡി.എഫ്.–ന്റേതല്ലാത്ത ഒരു പാർട്ടിയുടെ കൊടിമരവും വയ്ക്കുകയില്ല. പോലീസ് ബ്ലേഡ് കൊണ്ടുവന്ന് കൊടിയെ മുറിച്ചുകൊണ്ടുപോകുകയാണ്. ഇരുന്നൂറ് കൊടിയാണ് കഴിഞ്ഞ ദിവസം കണ്ണൂർ ടൗൺ പോലീസ് കൊണ്ടുപോയത്. പകലല്ല ഇത് ചെയ്യുന്നത്, പാതിരനേരത്ത് കള്ളൻമാരുടെ പണി. നിങ്ങളെന്തിനാണ് പോലീസിനെ രാത്രി അയയ്ക്കുന്നത്. ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി ഇത് നിങ്ങൾ പരിശോധിക്കണം. രാത്രി കൊടിയും ബോർഡുകളുമെടുത്ത് പോലീസ് വണ്ടിയിൽ കയറ്റിക്കൊണ്ടുപോകുകയാണ്. രാവിലെ നോക്കുമ്പോൾ ബോർഡുകളില്ല, ബാനറുകളില്ല, കൊടിയില്ല, കൊടിമരങ്ങളില്ല. അന്വേഷിക്കുമ്പോൾ ഇതെല്ലാം പോലീസ് സ്റ്റേഷനിലാണ്. 200 കൊടിയാണ് കണ്ണൂർ ടൗൺ പോലീസ് എടുത്തുകൊണ്ടുപോയത്, ഞങ്ങളുടെ കൊടി തരാതെ പോകുകയില്ല എന്നു പറഞ്ഞ് പോലീസിന്റെ മുമ്പിൽ സത്യാഗ്രഹം നടത്തി. കൊടികളെല്ലാം വാരി പോലീസ് സ്റ്റേഷനകത്ത് വച്ചിരിക്കുകയാണ്. അവിടെ കുത്തിയിരുന്ന് അവസാനം അത് പോലീസ് കൊടുത്തു, അതുമായാണ് പ്രകടത്തിനുപോയത്. നിങ്ങളോട് പറഞ്ഞതിനുശേഷവും ചക്കരക്കല്ല് പോലീസ് സ്റ്റേഷനിൽ ഇത് നടന്നില്ലേ. അപ്പോൾ നിങ്ങൾ പറയുന്നതൊന്നും അനുസരിക്കാത്ത പോലീസ് ഡിപ്പാർട്ട്മെന്റും ഒരു പോലീസ് സൂപ്രണ്ടുമാണ് അവിടെയുള്ളതെന്നാണോ

ഞങ്ങൾ ധരിക്കേണ്ടത്. നിങ്ങളുടെ നിർദ്ദേശങ്ങളില്ലെങ്കിൽ ഇത്തരമൊരു സംഭവം നടക്കുമോ? ഇത് ഈ ഗവൺമെന്റിന്റെ നയത്തിന്റെ ഭാഗമാണെന്ന് ഞാൻ വിശ്വസിക്കുന്നു. പ്രതിപക്ഷ പാർട്ടിയിൽപ്പെട്ട ആളുകളെ, കേന്ദ്ര ഗവൺമെന്റിനുള്ള പിന്തുണ ഡി.എം.കെ.പിൻവലിച്ചു. പിറ്റേ ദിവസം സി.ബി.ഐ. റെയ്ഡ്, നിങ്ങൾ യോഗ്യർ.

മി. സ്പീക്കർ: ശ്രീ. ഇ.പി. ജയരാജൻ, അങ്ങയുടെ സമയം കഴിഞ്ഞു.

ശ്രീ. ഇ.പി. ജയരാജൻ: സർ, രാഷ്ട്രീയമായ ഒരു പ്രശ്നമാണ്. സി.ഐ.ടി.യു.വിന്റെ അഖിലേന്ത്യാ സമ്മേളനം, നമ്മുടെ അജണ്ടയിൽ തന്നെ അങ്ങ് മുൻകൈയെടുത്ത് ചില കാര്യങ്ങളൊക്കെ ചെയ്തല്ലോ. ഇവിടെ ഇരിക്കുന്ന എം.എൽ.എ.മാരിൽ വലിയൊരു ഭാഗം അതിൽ പങ്കെടുക്കേണ്ടവരാണ്. ആ സമ്മേളനത്തിന്റെ കൊടിയും ബാനറുകളും നശിപ്പിക്കുവാനാണ് നിങ്ങൾ പോലീസിനെ ഉപയോഗിച്ചത്. പ്രകടനം നടത്താൻ കഴിയില്ല. നിങ്ങൾ ഇടതുപക്ഷക്കാർക്കെതിരെ എത്രമാത്രം കേസ്സുകളാണ്.....

മി. സ്പീക്കർ: അങ്ങ് ആ വിഷയം പറഞ്ഞല്ലോ. അതിന് ആഭ്യന്തര വകുപ്പുമന്ത്രി മറുപടി പറയും.

ശ്രീ. ഇ.പി. ജയരാജൻ: സർ, ആഭ്യന്തര വകുപ്പുമന്ത്രി മറുപടി പറയും. പക്ഷേ ഞങ്ങൾക്ക് ഈ രാജ്യത്തെ ജനങ്ങളോടാണ് പറയാനുള്ളത്. കേരളത്തിലെ ജനങ്ങളോട് പറയുന്നതിനാണ് ഈ നിയമസഭയെ ഞങ്ങൾ ഉപയോഗിക്കുന്നത്. നിങ്ങളോട് പറഞ്ഞിട്ട് നിങ്ങൾ എന്തെങ്കിലും നിലപാട് സ്വീകരിക്കുമെന്ന വിശ്വാസമൊന്നും എനിക്കില്ല. നിങ്ങളുടെ പിന്തുണയും സഹായങ്ങളുമില്ലെങ്കിൽ ഈ അതിക്രമങ്ങൾ നടക്കില്ല. കണ്ണൂർ സർവ്വകലാശാലയിൽ കയറി നടത്തിയിട്ടുള്ള ഈ ഭീകര സംഭവം, നിരപരാധികളായ വിദ്യാർത്ഥികളെ തല്ലിച്ചതയ്ക്കുക, ഇരുപത്തിയഞ്ച് വിദ്യാർത്ഥികളെ ഇന്നലെ കസ്റ്റഡിയി

ലെടുത്തു. കൊണ്ടുപോയ കുട്ടികളോട് നീചമായ നിലയിലാണ് പെരുമാറു കയും സംസാരിക്കുകയും ചെയ്തത്. നിരവധി കുട്ടികൾ പല ആശുപത്രികളി ലാണ്. കണ്ണൂർ സിറ്റി, കണ്ണൂർ ടൗൺ, വളപട്ടണം, കണ്ണപുരം പോലീസ് സ്റ്റേഷൻ, തളിപ്പറമ്പ് പോലീസ് സ്റ്റേഷൻ ഇവിടെയൊക്കെ പെൺകുട്ടിക ളെയും ആൺകുട്ടികളെയും അറസ്റ്റ്ചെയ്തു കൊണ്ടുപോയി.. അവിടെ പോകുന്ന ആളുകളോട് സംസാരിക്കാൻ പോലും തയ്യാറല്ല.

<u>മി. സ്പീക്കർ</u>: പന്ത്രണ്ട് മിനിട്ടോളമായി. പ്ലീസ് കൺക്ലൂഡ്...

<u>ശ്രീ. ഇ.പി. ജയരാജൻ</u>: സർ, ഞാൻ കൺക്ലൂഡ് ചെയ്യുകയാണ്. ഭീക രൻമാരോട് പോലും സ്വീകരിക്കാത്ത നിലപാട്, നിങ്ങൾ പോലീസിനെ രാഷ്ട്രീയവൽക്കരിക്കുകയാണ്. പോലീസ് അസോസിയേഷനെ നിങ്ങൾ രാഷ്ട്രീയവൽക്കരിച്ചു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പോലീസിനെ രാഷ്ട്രീയവൽക്കരിച്ചിട്ടുണ്ട്. പോലീസ് അസോസിയേഷൻ കോൺഗ്രസ്സിലെ ഇന്ന ഗ്രൂപ്പ് പിടിച്ചടക്കി എന്ന് പ്രമുഖമായിട്ടുള്ള ഒരു പത്രം തന്നെ റിപ്പോർട്ട് ചെയ്തതാണ്. പോലീസ് അസോസിയേഷനെ നിങ്ങൾ ഗ്രൂപ്പിന്റെയും കോൺഗ്രസ് രാഷ്ട്രീയത്തിന്റെയും ഭാഗമാക്കി. കണ്ണൂരിലെ ഒരു സഹകരണ സംഘം പിടിക്കാൻ പോലീസ് അസോസിയേഷനെയും പോലീസ് സൂപ്രണ്ടിനേയും ഉപയോഗിക്കുകയാണ് ഇപ്പോൾ നിങ്ങൾ ചെയ്തി രിക്കുന്നത്. പോലീസ് സൂപ്രണ്ടിനെയും പോലീസുകാരെയും ഉപയോഗിച്ചു കൊണ്ട് പ്രതിപക്ഷത്തുള്ള എല്ലാവരെയും അടിച്ചമർത്തുക, ന്യായമായ വിദ്യാർത്ഥി സമരങ്ങൾ അടിച്ചമർത്തുക, യൂണിവേഴ്സിറ്റി ചോരക്കളമാക്കി ത്തീർക്കുക. യൂണിവേഴ്സിറ്റി ഉന്നതമായ വിദ്യാഭ്യാസ കേന്ദ്രമാണെന്നുള്ളത് അല്പമെങ്കിലും നിങ്ങളുടെ പോലീസ് അംഗീകരിക്കുന്നുണ്ടോ? ഇത്തരത്തി ലുള്ള പോലീസ് അതിക്രമങ്ങൾ അവസാനിപ്പിക്കാൻ....... സർവ്വകലാശാലക

ളിലേയ്ക്ക്, അതുപോലെ കോളേജുകളിലേയ്ക്ക് യാതൊരു നിയന്ത്രണവുമില്ലാതെ പോലീസ് ചാടിക്കയറി വിദ്യാർത്ഥികളെയാകെ അടിച്ച് തകർത്ത് തല പൊട്ടിച്ച് എത്രമാത്രം കുട്ടികളുടെ ആരോഗ്യമാണ് നിങ്ങൾ തകർക്കുന്നത്. ഞാൻ ചോദിക്കട്ടെ, നിങ്ങളുടെ ആരോഗ്യവും അതുപോലെ തകർത്തിരുന്നുവെങ്കിൽ... ശ്രീ. ഉമ്മൻ ചാണ്ടി കേരളത്തിന്റെ മുഖ്യമന്ത്രിയാണ്, അദ്ദേഹവും വിദ്യാർത്ഥി രാഷ്ട്രീയത്തിലൂടെ വന്നതാണ്. നിങ്ങളെയൊക്കെ അടിച്ചുതകർത്തിരുന്നുവെങ്കിൽ... ഞങ്ങളെയൊക്കെ നിങ്ങൾ ഒരുപാട് അടിച്ചുതകർത്തിട്ടുണ്ട്. ഞങ്ങളുടെ ആരോഗ്യം നിങ്ങൾ തകർത്തിട്ടുണ്ട്. അതൊന്നും ഇല്ലെന്ന് വെറുതെ പറയുന്നതാണ്. .....അങ്ങനെ ഒരു പ്രശ്നവുമുണ്ടായിട്ടില്ല. ഇടതുപക്ഷ ഗവൺമെന്റിന്റെ കാലത്ത് നിങ്ങൾ ഉന്നയിച്ചപ്പോൾതന്നെ അന്വേഷണം നടത്തിയതാണ്. എം.എൽ.എ.മാരെ തല്ലിത്തകർത്തപ്പോഴും നിങ്ങൾ അനങ്ങിയിട്ടില്ല. കണ്ണൂർ സർവ്വകലാശാലയിൽ നടന്നിട്ടുള്ള പോലീസ് അതിക്രമം അതിഭീകരമാണ്, നീചമാണ്, വിദ്യാർത്ഥിവേട്ടയാണ്, പോലീസ് നടത്തിയിട്ടുള്ള അതിക്രമങ്ങളെ സംബന്ധിച്ച വളരെ ഉത്ക്കണ്ഠാകുലമായിട്ടുള്ള അവസ്ഥയാണ് അവിടെയുള്ളത്. ആ പ്രദേശങ്ങളിലൊന്നും ഇന്നും ജനങ്ങൾക്ക് യാത്ര ചെയ്യാൻ സാധിക്കുന്നില്ല. അവിടെ മുഴുവൻ പോലീസ് ഭീകരതയാണ്. പഴയ എം.എസ്.പി. ക്യാമ്പിന്റെ മുമ്പിലാണ് ഈ യൂണിവേഴ്സിറ്റി. അവിടെ മുഴുവൻ ഭീകരമായ അവസ്ഥയാണ്. അതുകൊണ്ട് ഇതു സംബന്ധിച്ച് ഒരു ജുഡീഷ്യൽ അന്വേഷണം നടത്താൻ ഗവൺമെന്റ് തയ്യാറുണ്ടോ എന്ന് വ്യക്തമാക്കണം, അവിടെ നിലനിൽക്കുന്ന അതിഭീകരമായ അവസ്ഥയെ അടിസ്ഥാനപ്പെടുത്തി, അത് ജനങ്ങളുടെ പ്രശ്നമാണെന്നുള്ളതുകൊണ്ട് ഈ സഭ നിറുത്തിവച്ച് ഗൗരവമേറിയ ഈ വിഷയം ചർച്ച ചെയ്യണമെന്ന് ഞാൻ ആവശ്യപ്പെടുന്നു.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, അങ്ങ് ഇവിടെ സൂചിപ്പിച്ചതുപോലെ വിദ്യാർത്ഥി രാഷ്ട്രീയത്തിൽ കൂടി വന്ന ആളുകളാണ് ഈ സഭയ്ക്കകത്തുള്ള മഹാഭൂരിപക്ഷവും എന്നാണെന്റെ വിശ്വാസം. വിദ്യാർത്ഥികളോട് ക്രൂരമായ നിലപാട് എടുക്കുന്നത് ഗവൺമെന്റിന്റെ പോളിസിയല്ല. ഞങ്ങളെല്ലാം വിദ്യാർത്ഥി രാഷ്ട്രീയത്തിൽ കൂടി വന്നവരാണ്. അങ്ങ് എന്നെക്കുറിച്ച് ഒരു പരാമർശം നടത്തിയതുകൊണ്ട് ഞാനൊരു വാക്ക് പറയാം. എന്നോട് വളരെ മാർദ്ദവമായിട്ടാണ് അന്ന് അങ്ങയുടെ പാർട്ടിക്കാർ പെരുമാറിയത്. എന്നെ കോളേജിന്റെ ഒന്നാം നിലയിൽ നിന്ന് വലിച്ചെറിഞ്ഞു. എന്നിട്ട് ഞാൻ മരിച്ചുപോയി എന്നു വിചാരിച്ച് അവർ ഓടി രക്ഷപ്പെട്ടു. അവസാനം അദ്ധ്യാപകരെല്ലാം കൂടിച്ചേർന്ന് എന്നെ ആശുപത്രിയിലാക്കി. എന്നെ സംബന്ധിച്ചിടത്തോളം ഒരു റീബെർത്താണ്. അതുകൊണ്ട് എനിക്ക് ഈ ദു:ഖമൊക്കെയറിയാം. അങ്ങയുടെ വിഷമമൊക്കെ എനിക്ക് മനസ്സിലായി.

ശ്രീ. ഇ.പി. ജയരാജൻ: ഞാൻ പറഞ്ഞത് അങ്ങയെക്കുറിച്ചല്ല.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: വിദ്യാർത്ഥി രാഷ്ട്രീയത്തിൽകൂടി വന്നവരെന്നുള്ള നിലയിൽ ഈ പീഡനങ്ങളും വിഷമങ്ങളും ചെറുതായിട്ടൊന്നുമല്ല, അതിന്റെ മാക്സിമത്തിന്റെ മാക്സിമം സഹിച്ചിട്ടുള്ളവരെന്ന നിലയിൽ ഞങ്ങൾക്കുള്ളത് ഇതൊക്കെ സൗഹൃദത്തോടുകൂടി കാണണമെന്നുള്ള ഒരു അഭിപ്രായമാണ്. പ്രായം കൊണ്ടൊരു പക്വത നമുണ്ടാകുമല്ലോ. ആ പക്വത അങ്ങേയ്ക്കുമുണ്ടായിട്ടുണ്ട്, എനിക്കുമുണ്ട്. അതുകൊണ്ട് നമുക്ക് ഇക്കാര്യത്തിൽ ആ രൂപത്തിലുള്ള സമീപനമാണ് എടുക്കേണ്ടതെന്നാണ് എന്റെ പക്ഷം. നിയമസഭാ അംഗം എന്നുള്ള നിലയിലും പോലീസ് ഞങ്ങളെ മർദ്ദിച്ചിട്ടുണ്ട്. എന്റെ കൈയൊടിഞ്ഞതാണ്. അങ്ങിരിക്കുന്ന അതേ സീറ്റിൽ കഴു

ത്തിൽ സ്റ്റിങ്ങിട്ട് ഒടിഞ്ഞ കയ്യുമായി വന്നിരുന്നിട്ടുള്ളതാണ്. അന്ന് എന്നെ അവഹേളിച്ച് കയ്യടിച്ചു. എനിക്കൊരു വിരോധമുണ്ടായില്ല. കാരണം ഇതൊക്കെ ഒരു ഭാഗം മാത്രമാണ്, പൊളിറ്റിക്സ് കൊണ്ട് മനുഷ്യത്വം കാണാതെ പോകുന്ന ഒരു സമീപനമുണ്ടാകുമല്ലോ. കുറച്ചുകഴിഞ്ഞപ്പോൾ കയ്യടിച്ച ആളുകൾതന്നെ എന്റെ അടുക്കൽ വന്ന് എന്നെ സാന്ത്വനപ്പെടുത്തി. അവരുടെ ഹൃദയം ഞങ്ങളുടെ കൂടെയുണ്ടെന്ന് അപ്പോൾ എനിക്കു മനസ്സിലായി. അതുകൊണ്ട് എനിക്ക് ഒരു പരാതിയുമില്ല. എന്നെ അടിക്കാൻ നേതൃത്വം കൊടുത്ത പോലീസുദ്യോഗസ്ഥൻ എന്നോടൊപ്പം എന്റെ കീഴിലുണ്ട്. എനിക്ക് അദ്ദേഹത്തോടുപോലും പരാതിയില്ല. ഞാൻ ഇപ്പോൾ ഏറ്റവും കോൺഫിഡൻഷ്യലായിട്ടുള്ള കാര്യങ്ങൾ ഏൽപ്പിക്കുന്നത് അദ്ദേഹത്തെ തന്നെയാണ്. ജനാധിപത്യത്തിൽ അങ്ങനെയൊക്കെ വരും. ഇതൊന്നും ബോധപൂർവ്വമായി അടിച്ചു തകർക്കണമെന്ന് കരുതി ചെയ്യുന്നതല്ലല്ലോ. നമ്മുടെ ട്രാൻസാക്ഷൻ ഓഫ് വർക്കിനകത്തുണ്ടാകുന്ന ചില സംഭവങ്ങൾ എന്നു മാത്രമേയുള്ളൂ.

മി. സ്പീക്കർ: ആഭ്യന്തര വകുപ്പുമന്ത്രി, അങ്ങ് ഫിലോസഫിക്കലാകുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, എന്റെ ഹൃദയത്തെ ടച്ച് ചെയ്ത ഒരു കാര്യമാണ്. ശ്രീ. ഇ.പി. ജയരാജൻ നമ്മുടെ അടുത്ത സ്നേഹിതനല്ലേ. എന്റെ വിഷമമല്ല. ആ തലമുറ അനുഭവിച്ചിട്ടുള്ള വിഷമമാണ്. അതാണ് എന്റെ നാവിൽ കൂടി വന്നത് എന്നു മാത്രമെടുത്താൽ മതി. ഞാൻ അത്രയും സമയം എടുത്തതിന് സോറി പറയുകയാണ്.

മി. സ്പീക്കർ: ഞാൻ പറഞ്ഞത് അതല്ല. അങ്ങ് ആത്മീയാംശം കൂടി ബന്ധപ്പെടുത്തി പറയുന്നു എന്നാണ്.

ശ്രീ. ഇ.പി. ജയരാജൻ: എന്റെ കയ്യും കാലും തലയുമൊക്കെ നിങ്ങ ളുടെ പോലീസ് അടിച്ചു തകർത്തതാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: അങ്ങയുടെ വീട്ടിൽവന്ന് അതിനക ത്തുള്ള എന്റെ മാനസികാവസ്ഥ ഞാൻ പറഞ്ഞിട്ടുള്ളതാണ്. അത് നമ്മൾ തമ്മിലുള്ള സ്വകാര്യം. അത് ഇവിടെ പറയേണ്ടതില്ല. ഇവിടെ പ്രധാനപ്പെട്ട പ്രശ്നം നേരത്തേ സൂചിപ്പിച്ചതുപോലെ, വിദ്യാർത്ഥികളെ മർദ്ദിച്ചമർച്ച ചെയ്യുക എന്നുള്ളത് ഗവൺമെന്റിന്റെ ഒരു സമീപനമല്ല, ഗവൺമെന്റിന് വ്യ ത്യസ്തമായ സമീപനമാണുള്ളത്. യൂണിവേഴ്സിറ്റി ഓട്ടോണമസ് ബോഡി യാണ്. യൂണിവേഴ്സിറ്റി എടുക്കുന്ന നിലപാടുകളെക്കുറിച്ച് അഭിപ്രായ വ്യ ത്യാസമുണ്ടെന്നു വരികിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടോ വിദ്യാഭ്യാസ മന്ത്രിയോടോ പറയണം. വിദ്യാഭ്യാസ വകുപ്പുമന്ത്രിയാണ് അതിന്റെ പ്രോ–ചാൻസിലർ. അവിടെ പറയണം, അവിടെ അപ്പീൽ കൊടുക്കണം, ഗവൺമെന്റ് പരിഹാരമുണ്ടാക്കാതെ തള്ളിക്കളയുകയാണെങ്കിൽ സമരമാർഗ്ഗ ത്തിലേയ്ക്ക് നീങ്ങിക്കൊള്ളൂ. ഒരു ഓട്ടോണമസ് ബോഡിയായ യൂണിവേ ഴ്സിറ്റി എടുത്തൊരു തീരുമാനത്തിനകത്ത് ഗവൺമെന്റിന് പരിമിതിയുണ്ട്. ഗവൺമെന്റിന് നേരിട്ടു ചെയ്യാൻ കഴിയാത്ത കാര്യത്തിൽ ഗവൺമെന്റിന് ഒരു പെറ്റീഷൻപോലും കൊടുക്കാതെ നേരിട്ടുപോയി അവിടെ ഒരു സമരസ ന്നാഹമുണ്ടാക്കിയതിലാണ് നമ്മുടെ വിഷമം. എന്തെങ്കിലും മാർഗ്ഗത്തിലൂടെ ഈ പ്രശ്നത്തിന് പരിഹാരമുണ്ടാക്കാൻ കഴിയുമോ എന്ന് ഗവൺമെന്റിനു കൂടി പരിശോധിക്കാനുള്ള സാധ്യത ഇല്ലാതാക്കേണ്ടായിരുന്നു. ദയവായി കണ്ണൂരിൽ നമുക്ക് അക്രമരാഷ്ട്രീയമവസാനിപ്പിക്കണം. അത് ഞാൻ ഇതു മായി ബന്ധപ്പെട്ട് പറയുന്നതല്ല. ട്രഷറി ബെഞ്ചിലിരുന്നു പറയുന്നു എന്ന് അങ്ങ് കരുതേണ്ടതില്ല, ഒരു പൊതുപ്രവർത്തകനെന്നുള്ള നിലയിൽ ഞാൻ

അങ്ങയോട് വിനയപൂർവ്വം പറയുകയാണ്. കണ്ണൂരിൽ നമുക്ക് അക്രമരാഷ്ട്രീയം അവസാനിപ്പിക്കണം. ഓരോ രാഷ്ട്രീയകക്ഷികൾക്കും അവരുടേതായ സ്പേസുണ്ട്. ആ സ്പേസിൽ നിന്നുകൊണ്ട് അവർക്ക് പ്രവർത്തിക്കുന്നതിനുള്ള സാധ്യതകൾ ധാരാളമാണ്. ആ സാധ്യത നോക്കി മുന്നോട്ടുപോകണം. അവിടെ ഒരിക്കൽ രംഗം കൈവിട്ടുപോയപ്പോൾ ഞാനാണ് സമാധാന ചർച്ചയ്ക്ക് വന്നത്. എന്റെ പ്രിയപ്പെട്ട സ്നേഹിതൻ ശ്രീ. എം.വി. ജയരാജന് അന്ന് ജില്ലാ സെക്രട്ടറിയുടെ ചാർജ്ജാണ്. അദ്ദേഹവും കൂടിയിരുന്ന് ഞങ്ങൾ ചില കാര്യങ്ങളെക്കുറിച്ച് ആലോചിച്ചിരുന്നതാണ്. അതുകൊണ്ട് നമുക്ക് അതുപോലെയുള്ള പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കുന്നതിനുവേണ്ടി കഴിയണം. അങ്ങ് ഇവിടെ സി.ഐ.ടി.യു. സമ്മേളനത്തെക്കുറിച്ചു പറഞ്ഞു. അങ്ങേയ്ക്കറിയുമോ, സി.ഐ.ടി.യു സമ്മേളനത്തിന് പോലീസ് മൈതാനം കൊടുക്കുന്ന കീഴ്വഴക്കമില്ല. ഒരു പാർട്ടിയുടെ സമ്മേളനത്തിനും കൊടുക്കാറില്ല. സി.ഐ.ടി.യു സമ്മേളനത്തിന് മൈതാനം കൊടുക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് അങ്ങയുടെ ഭാഗത്തുള്ള  ഒരു നിയമസഭാംഗം, അദ്ദേഹം ഇപ്പോൾ ഈ സഭയിലുണ്ട്, കത്തുകൊണ്ടുവന്നു തന്നു. എല്ലാ കീഴ്വഴക്കങ്ങളെയും ലംഘിച്ച് ഒരു കാര്യവും നോക്കാതെ ആ മൈതാനം അനുവദിച്ചുകൊടുത്തു. ആ മൈതാനം അനുവദിച്ച തീയതിക്കുമുമ്പുതന്നെ അവിടെ സാധനങ്ങൾ ഇറക്കുന്നതിനും  പന്തൽ കെട്ടുന്നതിനുമുള്ള സൗകര്യം ഉണ്ടാക്കണമെന്ന് ആവശ്യപ്പെട്ടപ്പോൾ ബുക്ക് ചെയ്യാത്ത മൈതാനംപോലും അനുവദിച്ചു കൊടുത്തു. അതുമായി ബന്ധപ്പെട്ട നേതാക്കന്മാർക്ക് കാര്യങ്ങൾ അറിയാം.  ഞാൻ അവരുടെ പേര് പറയുന്നില്ല.  അവരെല്ലാം ഇന്റർഫിയർ ചെയ്തിട്ടുണ്ട്.  സമ്മേളനത്തിനുവേണ്ടി ബുക്ക് ചെയ്യാത്ത മൈതാനം നമ്മൾ നേരത്തെ അനുവദിച്ചു കൊടുത്തു.   മൈതാനം കൊടുത്തുവെന്നുമാത്രമല്ല അവിടെ സ്ഥാപിച്ച

ബോർഡുകളെക്കുറിച്ച് കുറെ ഡിസ്പ്യൂട്ടുമുണ്ടായിട്ടുണ്ട്. അതായത് ആൾ പാർട്ടി മീറ്റിംഗിൽ ട്രാഫിക്കിന് തടസ്സമായിനിൽക്കുന്ന ബോർഡുകൾ മാറ്റണമെന്നുള്ള തീരുമാനമെടുത്തിരുന്നു. ഇതിനെ സംബന്ധിച്ച് വിധി യുമുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ കുറെ ബോർഡുകൾ മാറ്റിയിട്ടുണ്ട്. എനിക്ക് ഇതിനെക്കുറിച്ച് പരാതി കിട്ടിയപ്പോൾ ട്രാഫിക്കിന് തടസ്സമുള്ള ബോർഡുകൾ മാറ്റണമെന്നും മാറ്റുന്നതിനുമുമ്പ് പ്രസ്തുത രാഷ്ട്രീയകക്ഷിക ളോട് ഇതും മാറ്റാനാവശ്യപ്പെടണമെന്നും അഭിപ്രായപ്പെട്ടു. എന്നിട്ടും അവർ ഒരു നിശ്ചിത സമയത്തിനുള്ളിൽ ബോർഡെടുത്ത് മാറ്റുന്നില്ലെങ്കിൽ സുരക്ഷി തമായൊരു സ്ഥലത്ത് മാറ്റിവയ്ക്കാനും ആ ബോർഡ് അവർക്ക് മടക്കി നൽകുന്നതിനുമാണ് തീരുമാനിച്ചത്. ഇവിടെ പ്രശ്നം ബോർഡിനോടല്ല, ട്രാഫിക് തടസ്സമുണ്ടായി അപകടം ഉണ്ടാകാതിരിക്കണം എന്നുള്ളതാണ്. ഹൈക്കോടതി വിധിയുടെയും ആൾ പാർട്ടി മീറ്റിംഗിൽ എടുത്ത തീരുമാന ത്തിന്റെയും അടിസ്ഥാനത്തിലാണ് ഞാൻ ഇക്കാര്യത്തിൽ നേരിട്ട് ഇടപെട്ടത്. ഇതുപോലുള്ള കാര്യങ്ങളിൽ എന്തെങ്കിലും പരാതി ഉണ്ടെങ്കിൽ അങ്ങേയ്ക്ക് പരാതി ഉന്നയിക്കാം, ആ പരാതിക്ക് നമുക്ക് പരിഹാരം ഉണ്ടാക്കുകയും ചെയ്യാം. അല്ലാതെ ഈ പ്രശ്നത്തെ ബോർഡ് വയ്ക്കുന്നതുമായി ബന്ധപ്പെ ടുത്തേണ്ട കാര്യമില്ല. അവിടെ ഇതുപോലുള്ള എന്തെങ്കിലും പ്രശ്നം ഉണ്ടെ ങ്കിൽ അതിന് പരിഹാരമുണ്ടാക്കാം. മൂന്നാമത്തെ കാര്യം നേരത്തെ പറഞ്ഞ തുതന്നെയാണ്. നമുക്ക് സമാധാനത്തോടുകൂടി അവിടെ കഴിയണം. നിങ്ങൾക്കെല്ലാവർക്കും അറിയാവുന്നതുകൊണ്ട് ഞാൻ ശാന്തമായ അന്ത രീക്ഷം മോശമാക്കാൻ ആഗ്രഹിക്കുന്നില്ല. ചില സംഭവങ്ങൾക്കകത്ത് എങ്ങ നെയാണ് കേസ്സുകളുടെ നില വരുന്നത്. ഒരു അറസ്റ്റിന്റെ പേരിൽ അവിടെ എത്ര സംഭവങ്ങളാണ് ഉണ്ടായിട്ടുള്ളത്. എത്ര ഓഫീസുകൾ തകർത്തു,

എത്ര കേസ്സുകളുണ്ടായി, എത്ര ലക്ഷം രൂപയുടെ നഷ്ടമുണ്ടായി. ഇങ്ങനെയൊക്കെ നമുക്ക് ഒരു പ്രദേശത്ത് പോകാൻ പറ്റുമോ? കേസ്സൊക്കെ കേസ്സിന്റെ വഴിയേ പൊയ്ക്കോട്ടെ. അത് ഗവൺമെന്റിന്റെ കയ്യിൽ അല്ല. അത് കോടതിയുടെ കയ്യിലാണ്. നീതിന്യായകോടതി ഈ വിഷയത്തിന്റെ ശരിയും തെറ്റും മനസ്സിലാക്കണം. ശരിയും തെറ്റും കണ്ടതിനുശേഷം കോടതി എന്താണ് വിധിക്കുന്നത് അതിവിടെ അങ്ങേയ്ക്കും എനിക്കും ഒരു പോലെ ബാധകമാണ്. നമുക്കത് ഒരുപോലെ അംഗീകരിച്ച് പോകാം. അതേസമയം അതിന്റെ പേരിലുണ്ടാക്കിയിട്ടുള്ള പ്രശ്നങ്ങൾ ചെറുതാണോ? അതുകൊണ്ട് നമുക്ക് സമാധാനപരമായ അന്തരീക്ഷം ഉണ്ടാക്കണം. അങ്ങിവിടെ സൂചിപ്പിച്ചതുപോലെ ഗവൺമെന്റ് എന്തെങ്കിലും കാര്യത്തെക്കുറിച്ച് ആലോചിക്കണമെന്നുണ്ടെങ്കിൽ അത് ശാന്തമായി ആലോചിക്കാം. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായും ആലോചിച്ചതിനുശേഷം മറ്റ് കാര്യങ്ങളെന്തെങ്കിലും ഉണ്ടെങ്കിൽ അതും നമുക്ക് ആലോചിക്കാവുന്നതാണ്. അതുകൊണ്ട് ഈ വിഷയത്തെക്കുറിച്ച് സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട കാര്യമില്ല .

<u>ശ്രീ. ഇ. പി. ജയരാജൻ</u>: ജുഡീഷ്യൽ അന്വേഷണം നടത്താൻ സന്നദ്ധനാണ് എന്നാണോ അങ്ങ് പറയുന്നത്? പോലീസ് അതിക്രമം അവിടെ നടന്നതിനുശേഷം പെൺകുട്ടികളടക്കം നിരവധി കുട്ടികൾ ആശുപത്രിയിലും കസ്റ്റഡിയിലുമാണ്. ഇത്തരത്തിലുള്ള സ്ഥിതിയെ സംബന്ധിച്ച് ഒരു ജുഡീഷ്യൽ അന്വേഷണം നടത്താൻ അങ്ങ് സന്നദ്ധനാണെന്നാണോ പറഞ്ഞത്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ഈ സംഭവവുമായി ബന്ധപ്പെട്ട് 16 പോലീസുദ്യോഗസ്ഥന്മാർ ആശുപത്രിയിലാണ്. ഒരു ഡിവൈ.

എസ്.പി. യുടെ നെറ്റിയിൽ പരിക്കുപറ്റി. ആറ് സ്റ്റിച്ച് ഇട്ടിരിക്കുകയാണ്. കുറച്ചുകൂടി തെറ്റിയിരുന്നെങ്കിൽ അദ്ദേഹത്തിന്റെ കണ്ണും പോകുമായിരുന്നു. ഒരു പാവപ്പെട്ട സി.പി.ഒ.-യ്ക്ക് (സിവിൽ പോലീസ് ഓഫീസർ) എട്ട് സ്റ്റിച്ചാണുള്ളത്. അതുപോലൊരു സംഭവം ഇനി ഉണ്ടാകരുത്. വെറുതെ പ്രകോപനം ഉണ്ടാകരുതെന്ന് കരുതിയാണ് ഞാൻ നേരത്തെ ഇതിനെക്കുറിച്ച് സൂചിപ്പിക്കാത്തത്. വെള്ളിയാഴ്ച ദിവസം ഇത്തരമൊരു സിറ്റ്യുവേഷൻ ഉണ്ടാക്കുന്നത് ശരിയല്ല. അതുകൊണ്ട് ഞാനതൊന്നും പറഞ്ഞില്ല എന്നുമാത്രമേയുള്ളു. അതുകൊണ്ട് നിങ്ങൾ അക്രമത്തിൽനിന്ന് പിൻവാങ്ങണമെന്നാണ് ഇതു സംബന്ധിച്ച് എനിക്ക് പറയാനുള്ളത്. സമാധാനപരമായി ചർച്ച ചെയ്യണമെങ്കിൽ ആ വിവരം മുഖ്യമന്ത്രിക്ക് എഴുതി കൊടുക്കണം. ചർച്ച ചെയ്യേണ്ട കാര്യമുണ്ടെങ്കിൽ നമുക്ക് അവിടെ ചർച്ച ചെയ്യാവുന്നതാണ്. അതുകൊണ്ട് കുട്ടികളെ കോളേജിൽ പോകാനും പഠിക്കാനും അനുവദിക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കുവാനുള്ളത്. അങ്ങനെ സർവ്വകലാശാല നല്ലതായി പോകട്ടെ. നേരത്തെ സർവ്വകലാശാല വൈസ് ചാൻസിലറായിരുന്ന വ്യക്തി, അങ്ങേയ്ക്കറിയാം, യൂണിവേഴ്സിറ്റി യൂണിയൻ ചെയർമാൻ സ്ഥാനത്ത് ഞാനും അദ്ദേഹവും തമ്മിലാണ് അന്ന് കണ്ടസ്റ്റ് നടന്നത്. അങ്ങനെ അദ്ദേഹവുമായി ഞങ്ങൾക്ക് നല്ല ബന്ധമാണുള്ളത്. അതുകൊണ്ട് ഇത് ശാന്തമായി കൊണ്ടുപോകാം. നേരത്തെ പറഞ്ഞതുപോലെ അങ്ങ് റൂൾ 50-യുടെ പരിധിക്കപ്പുറത്തുള്ള കുറെ കാര്യങ്ങളെക്കുറിച്ച് പറഞ്ഞു. അതിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് എഴുതിക്കൊടുത്താൽ വേറെ ചർച്ച വേണമെങ്കിൽ ചെയ്യാം. ഈ വെള്ളിയാഴ്ച നമുക്ക് തെറ്റിപ്പിരിയാതെ ചർച്ചയില്ലാതെ ഈ പ്രശ്നം അവസാനിപ്പിക്കാം.

മി. സ്പീക്കർ : ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തര പ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): വിദ്യാർത്ഥികൾ അക്രമം നടത്തിയെന്നാണ് ആഭ്യന്തര വകുപ്പുമന്ത്രി ഇവിടെ പറഞ്ഞത്. 700 ശതമാനം ഫീസ് വർദ്ധിപ്പിച്ചതിനെതിരായി ഒരു മാർച്ചാണ് അവർ നടത്തിയത്. അതിലെന്തൊണ് അക്രമം? എന്നിട്ടും അവരുടെ നേർക്ക് ജലപീരങ്കിയും കണ്ണീർവാതകവും ഉപയോഗിക്കുകയും അവരെ അതിക്രൂരമായി തല്ലിച്ചതയ്ക്കുകയുമാണ് ചെയ്തത്. 700 ശതമാനത്തോളം ഫീസ് വർദ്ധനവ് നടത്തിയതിനെതിരായി ന്യായമായും ശക്തമായ ഒരു പ്രതിഷേധം കോളേജ് അധ്യാപകന്മാരേയും യൂണിവേഴ്സിറ്റിയേയും ഒരു മാർച്ചിൽക്കൂടി മനസ്സിലാക്കി കൊടുക്കുന്നതിനുവേണ്ടിയിട്ടുള്ള തികച്ചും സമാധാനപരമായ ഒരു സമരമാണ് അവിടെ നടന്നത്. പ്രശോഭ് എന്നുപറയുന്ന എസ്.എഫ്.ഐ.-യുടെ ജില്ലാ പ്രസിഡന്റ്, ഇരുപത്തഞ്ചോളം പെൺകുട്ടികളടക്കമുള്ള വിദ്യാർത്ഥികൾ എന്നിവരെ നീചമായി മർദ്ദിക്കുകയും തല്ലിച്ചതയ്ക്കുകയുമാണ് ചെയ്തത്. ഫീസ് വർദ്ധനവ് മുമ്പും ഉണ്ടായിട്ടില്ലേ? ആഭ്യന്തര വകുപ്പുമന്ത്രി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പഴയ കാലത്ത് നടത്തിയ സമരങ്ങളുടെ രാഷ്ട്രീയ പൈതൃകമാണ് ഇപ്പോൾ അവിടെ ഇരിക്കുന്നതെന്ന് അദ്ദേഹം പറഞ്ഞത് നല്ലകാര്യമാണ്. അങ്ങനെയെല്ലാം വിദ്യാർത്ഥികളെ ഉപയോഗിച്ച് രാഷ്ട്രീയമുതലെടുപ്പ് നടത്തി എം.എൽ.എ.-യും മന്ത്രിയും ആയതിനുശേഷം ആ വിഭാഗത്തെ കാര്യം കഴിഞ്ഞാൽ പിന്നെ കയ്യൊഴിയുക

എന്നുള്ള മനോഭാവത്തോടുകൂടി, 'ഞാനൊന്നും അറിഞ്ഞില്ലേ രാമ നാരായണാ' എന്നുള്ള നിലയിൽ ഇപ്പോൾ ഞാൻ മന്ത്രിയാണ്, ഞാൻ മാന്യനാണ് അതുകൊണ്ട് നിങ്ങൾ യാതൊരു തരത്തിലുള്ള ശല്യങ്ങളുണ്ടാക്ക രുത്, ഞങ്ങൾക്ക് മര്യാദയ്ക്ക് ഭരിക്കാനുള്ള അവസരം നിങ്ങൾ നൽകണം, ബാക്കിയുള്ളവരെല്ലാം മുഖ്യമന്ത്രിയെയും നേതാക്കന്മാരെയും ചെന്ന് കണ്ട് കീഴ്വഴങ്ങി കാര്യമായി എന്തെങ്കിലും ചെയ്യണമെന്നുണ്ടെങ്കിൽ ചെയ്യാൻ ഞങ്ങൾ സന്നദ്ധമാണെന്നു പറഞ്ഞാൽ ഈ പ്രശ്നം തീർക്കാൻ കഴിയുമോ? ഭാവി പൗരന്മാരായി വളർന്നു വരേണ്ട ആളുകളെ, വിദ്യാർത്ഥിനികളടക്ക മുള്ളവരെ, നീചമായി മർദ്ദിച്ചിരിക്കുകയാണ്. ഫീസ് വർദ്ധനവ് എന്നു പറയുന്ന ആവശ്യം നിരുപാധികം ഉപേക്ഷിപ്പിക്കാൻ നിങ്ങളുടെ മർദ്ദനം കൊണ്ട് കഴിയുമെന്നാണോ കരുതുന്നത്? അത് ന്യായമായ ആവശ്യമാണ്. അതിനുവേണ്ടി വിദ്യാർത്ഥികളെയും രക്ഷകർത്താക്കളെയും അവരുടെ പ്രതിനിധികളെയും വിളിച്ചുവരുത്തി ഫീസ് ഇത്ര ശതമാനം ഞങ്ങൾ കുറയ്ക്കാം, നിങ്ങളെന്തു പറയുന്നു, എന്നുപറഞ്ഞ് ചർച്ച ചെയ്ത് അതിനൊരു പരിഹാരം കാണുന്നതിനുള്ള നടപടി സ്വീകരിക്കാതെ മർദ്ദനമുറ ഉപയോഗിച്ച് സമരം പിരിച്ചുവിട്ട് വിജയിക്കാമെന്നു കരുതുന്നത് ശരിയല്ല. ഇത്തരം മർദ്ദന സംവിധാനങ്ങൾ, വിദ്യാർത്ഥി വേട്ടകൾ ഒരു തരത്തിലും നിങ്ങളെ സഹായിക്കില്ല. തെറ്റ് സമ്മതിക്കണമെന്നും മാപ്പ് പറയണമെന്നും ഒന്നും ഞാൻ പറയുന്നില്ല. പക്ഷേ തെറ്റ് സമ്മതിക്കുകയും പരിഹാരം ഉണ്ടാ ക്കുകയും ചെയ്യുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുകയാണ് വേണ്ടത്. അതിനുവേണ്ടി കോളേജ് യൂണിവേഴ്സിറ്റി ഭാരവാഹികളെ വിളി ക്കുകയും സമാധാനം ഉണ്ടാക്കുന്നതിനുവേണ്ടിയിട്ടുള്ള ശ്രമം നടത്തണമെന്ന്

നിർദ്ദേശിക്കുകയും ചെയ്യണം. പക്ഷേ ഈ പ്രശ്നത്തിന് പരിഹാരം കാണുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനു പകരം, പണ്ട് ആരോ അദ്ദേഹത്തെ മാളികമുകളിൽ നിന്ന് താഴെ തള്ളിയിട്ടു കയ്യൊടിഞ്ഞു. ഒടിഞ്ഞ കയ്യുമായി വന്നു എന്നൊക്കെ പറഞ്ഞ് പഴയ ചരിത്രമൊക്കെ ആവർത്തിച്ച് സ്വയം ഇങ്ങനെ അഭിമാനം കൊള്ളുകയെന്ന സമ്പ്രദായം ആണുങ്ങൾക്ക് ചേർന്നതല്ല. ഏതായാലും ഇക്കാര്യത്തിൽ നിങ്ങൾ സ്വീകരിച്ചിരിക്കുന്ന തെറ്റായ നടപടി പിൻവലിക്കണം. വിദ്യാർത്ഥികളുടെ ന്യായമായ ആവശ്യങ്ങൾ അംഗീകരിക്കണം. ഇതുസംബന്ധിച്ച് ഒരു ജുഡീഷ്യൽ എൻക്വയറി നടത്താൻ നിങ്ങൾ തയ്യാറാകണം. അങ്ങനെ ഈ പ്രശ്നത്തിന് പരിഹാരം കാണണമെന്നാണ് എനിക്ക് വിനീതമായി അഭ്യർത്ഥിക്കാനുള്ളത്. മന്ത്രി വിശദീകരണം ആവർത്തിച്ചിട്ടും ഇതിന് പരിഹാരമുണ്ടാകാതെ വന്നപ്പോൾ, സ്വാഭാവികമായും ബഹുമാനപ്പെട്ട സ്പീക്കർ അടിയന്തരപ്രമേയം സഭ നിർത്തിവച്ച് ചർച്ചചെയ്യുക എന്നുള്ള പ്രശ്നം disallow ചെയ്യേണ്ടതായി വന്നിരിക്കുന്നു എന്നു ഞാൻ മനസ്സിലാക്കുന്നു. അതുകൊണ്ട് ഗവൺമെന്റാണ് ഇതിന് തികച്ചും ഉത്തരവാദി, ഗവൺമെന്റിന്റെ നീചമായ നടപടിയിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും ഈ സഭയിൽ നിന്ന് വാക്കൗട്ട് ചെയ്യുകയാണ്.

(ഗവൺമെന്റിന്റെ നടപടിയിൽ പ്രതിഷേധിച്ച് ശ്രീ. വി. എസ്. അച്ചുതാനന്ദനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി)

ശ്രീ. സി. ദിവാകരൻ: സർ, ഇവിടെ അടിയന്തരപ്രമേയത്തിൽ ഉന്നയിച്ചിട്ടുള്ള രണ്ട് ആവശ്യങ്ങളെക്കുറിച്ച് ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി

അർത്ഥഗർഭമായ മൗനമാണ് കൈക്കൊണ്ടത്. ഒരു സമ്മേളനത്തിന്റെ കാര്യ മാണ് അങ്ങിവിടെ വിശദീകരിച്ചത്. അടിയന്തര പ്രമേയത്തിൽ ഉന്നയിച്ചിരി ക്കുന്നത് അനാവശ്യമായ അശാസ്ത്രീയമായ ഫീസ് വർദ്ധനവിനെക്കുറി ച്ചാണ്. ആ വിഷയം കൈകാര്യം ചെയ്യാൻ വിദ്യാർത്ഥികളെ ഗവൺമെന്റ് സഹായിക്കണ്ടേ; യൂണിവേഴ്സിറ്റി ഒരു ബ്ലേഡ് കമ്പനി ആകാമോ? 700 ശതമാനം ഫീസ് വർദ്ധന ന്യായീകരിക്കാൻ പറ്റുന്നതാണോ? കണ്ണൂരിൽ നടന്ന സംഭവത്തിന്റെ അടിസ്ഥാന കാരണം ഫീസ് വർദ്ധനവാണ്. കേരള ത്തിലെ ഏത് വിദ്യാർത്ഥി പ്രസ്ഥാനവും അവരെ ബാധിക്കുന്ന പ്രശ്നത്തിൽ ശക്തമായി പ്രതികരിക്കും. ഒരണ സമരം അങ്ങേയ്ക്ക് അറിയാമല്ലോ. ബോട്ട് ചാർജ് ഒരണ വർദ്ധിപ്പിച്ചതിനെതിരെ ആയിരുന്നല്ലോ കേരളത്തിലെ നിങ്ങളുടെ വിദ്യാർത്ഥിപ്രസ്ഥാനത്തിന്റെ ആദ്യ സമരം. അങ്ങനെ വിദ്യാർത്ഥി സമരത്തിലൂടെ ഉയർന്നുവന്നയാളുകൾ ഭരിക്കുമ്പോൾ ഫീസ് വർദ്ധനവിനെ തിരെ വിദ്യാർത്ഥികൾ സമരം ചെയ്താൽ അവരെ അടിച്ചമർത്തുന്ന നയം തുടരാനാണോ പോകുന്നത്; കേരളത്തിലെ വിദ്യാർത്ഥി സമരങ്ങളെ അടിച്ച മർത്തുന്നതാണോ നിങ്ങളുടെ നയം? എങ്കിൽ അത് വ്യക്തമാക്കണം. ഞങ്ങൾ അതുമായി പൊരുത്തപ്പെടാം. രണ്ടാമത്തെ കാര്യം, പെൺകുട്ടിക ളുടെ ഹോസ്റ്റലിൽ പോലീസുകാർ കയറുന്നത് ശരിയാണോ? പോലീസുകാർ പെൺകുട്ടികളുടെ ഹോസ്റ്റലിൽ കയറുമ്പോൾ, കേന്ദ്രത്തിൽ ഒരു നിയമം പാസ്സാക്കിയിട്ടുണ്ട്. അതുകൂടി ഓർക്കണം. സ്ത്രീകൾക്കും കുട്ടികൾക്കു മുള്ള പരിരക്ഷ- അങ്ങ് ഇവിടെ ഒരു നിയമം കൊണ്ടുവന്നു, പാസ്സായിട്ടില്ല. അതും സ്ത്രീകളേയും കുട്ടികളേയും സംരക്ഷിക്കുന്നതിനുള്ള നിയമമാണ്. ഇതെല്ലാം കപട നാടകമാണ്. നിങ്ങളുടെ പ്രവൃത്തി വേറെയാണ്. പെൺകുട്ടി

കൾ താമസിക്കുന്ന ഹോസ്റ്റലിൽ കയറാൻ പോലീസിന് എന്ത് അധികാരമാണുള്ളത്; അതിനെപ്പറ്റി ആഭ്യന്തര വകുപ്പുമന്ത്രിക്ക് എന്ത് മറുപടിയാണ് പറയാനുള്ളത്? കയറിയിട്ടുണ്ടോ എന്നുള്ളതിനെക്കുറിച്ച് നമ്മൾ തമ്മിൽ തർക്കമാണല്ലോ.... (ബഹളം). . . .അടിച്ചിട്ടില്ല, ഹോസ്റ്റലിൽ പോലീസ് കയറിയിട്ടില്ല നിങ്ങളിപ്പോൾ വാദിയെ പ്രതിയാക്കിയിരിക്കുകയാണ്. പോലീസിനാണ് അടികൊണ്ടത് എന്നാണ് നിങ്ങൾ പറയുന്നത്. ഫീസ് കൂട്ടിയിട്ടില്ല, വിദ്യാർത്ഥികളെ അടിച്ചിട്ടില്ല, ലേഡീസ് ഹോസ്റ്റലിൽ പോലീസ് കയറിയിട്ടില്ല, ഒന്നുംതന്നെ നടന്നിട്ടില്ല എന്നാണ് നിങ്ങൾ പറയുന്നത്. അവിടെ പോലീസ് ഗ്രനേഡ് പ്രയോഗിച്ചു, കണ്ണിൽ കണ്ടവരെയെല്ലാം തല്ലി– ഇങ്ങനെയാണോ ഒരു ജനാധിപത്യ സംവിധാനത്തിൽ അവകാശങ്ങൾ ഉപയോഗിക്കുന്നത്. വിദ്യാർത്ഥി പ്രസ്ഥാനത്തിലൂടെ വന്ന ആളുകളല്ലേ നിങ്ങളെല്ലാവരും. ആളുകളോട് നല്ല രീതിയിൽ പെരുമാറണമെന്ന നിർദ്ദേശം പോലീസിന് നൽകണ്ടേ; ഇത് കാടത്തമാണ്. വിദ്യാർത്ഥികളൊന്നിച്ച് മുദ്രാവാക്യം വിളിക്കുകയോ സമരം ചെയ്യുകയോ ചെയ്താൽ, ഏത് വിഭാഗമായാലും വിദ്യാർത്ഥികൾ നമ്മുടെ സ്വത്തല്ലേ; അവരുടെ മണ്ടയ്ക്ക് അടിക്കുകയാണോ ചെയ്യേണ്ടത്; അതിനെ ജനപ്രതിനിധികൾ നിയമസഭയിൽ ന്യായീകരിക്കുകയാണോ വേണ്ടത്? നിങ്ങൾ എല്ലാ സമരത്തേയും അടിച്ചമർത്തുകയാണ്. സമരങ്ങളുടെ നേർക്കുള്ള നിങ്ങളുടെ ഈ മനോഭാവം മാറണം. നിങ്ങളുടെ ധനകാര്യ വകുപ്പുമന്ത്രിയുടെ ബഡ്ജറ്റിലെ സമരങ്ങൾ പാടില്ലായെന്ന അവസാന വാചകമാണിപ്പോൾ നടപ്പിലാക്കുന്നത്. സമരങ്ങൾ നിരോധിക്കാൻ കഴിയുമോ; ജനാധിപത്യ അവകാശമല്ലേ? നിങ്ങൾ ഇപ്പുറത്തിരുന്നപ്പോൾ സമരമൊന്നും ചെയ്തില്ലേ; പെൺകുട്ടികളുൾപ്പെടെയുള്ള പാവപ്പെട്ട വിദ്യാർത്ഥികൾ ഫീസ് വർദ്ധനവിൽ പ്രതിഷേധിക്കാൻ റോഡിലിറങ്ങി.

അതിന് പെരുവഴിയിലിട്ടാണ് തല്ലുന്നത്, എന്ത് വിദ്യാഭ്യാസ വകുപ്പുമന്ത്രിയാണ് ഇവിടെയുള്ളത്? ഈ കുട്ടികളെ മുഴുവൻ തല്ലിയിട്ട് ഒരു വാക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രിക്ക് പറയാനുണ്ടോ? യൂണിവേഴ്സിറ്റികളെ കയറൂരി വിട്ടിരിക്കുകയാണോ; ഇഷ്ടംപോലെ ഫീസ് വർദ്ധിപ്പിക്കാമോ; ഗവൺമെന്റിന് ഇടപെടാൻ വകുപ്പില്ലേ? ആട്ടോണമസ് ബോഡി എന്നുപറഞ്ഞുകൊണ്ട് ഗവൺമെന്റ് നോക്കുകുത്തിയാകാൻ പാടില്ല. ജനദ്രോഹപരമായ, വിദ്യാർത്ഥിവിരുദ്ധമായ, ഗവൺമെന്റിനോട് ആലോചിക്കാതെ ഇഷ്ടംപോലെ കൈകാര്യം ചെയ്യുന്ന യൂണിവേഴ്സിറ്റിയുടെ ഈ നടപടിക്കെതിരെ വിദ്യാഭ്യാസ വകുപ്പ് ഇടപെടണം. ഫീസ് വർദ്ധനവ് നിങ്ങളുംകൂടി അറിഞ്ഞിട്ടുള്ളതാണെങ്കിൽ ആ വിവരം നിങ്ങൾ പറഞ്ഞാൽ ഈ വിഷയം ഞങ്ങൾ പിൻവലിക്കാം. കണ്ണൂർ യൂണിവേഴ്സിറ്റിയിൽ 700 ശതമാനം ഫീസ് വർദ്ധനവ് വരുത്തിയത് ഗവൺമെന്റ് അറിഞ്ഞിട്ടാണ് അല്ലെങ്കിൽ വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ അറിവോടുകൂടിയാണ് എന്ന സ്റ്റേറ്റ്മെന്റ് നടത്തിയാൽ ഞാൻ പിൻവലിക്കാം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്): സർ, യൂണിവേഴ്സിറ്റികൾ ആട്ടോണമസ് ബോഡികളാണ്. സിൻഡിക്കേറ്റ് കൂടിയാണ് ഫീസ് വർദ്ധനവിനെക്കുറിച്ച് തീരുമാനിക്കുന്നത്. വിദ്യാഭ്യാസ വകുപ്പുമന്ത്രി എന്ത് ചെയ്തു എന്ന് ബഹുമാനപ്പെട്ട സി. ദിവാകരൻ ചോദിച്ചു. വിദ്യാഭ്യാസ വകുപ്പിനെയോ വിദ്യാഭ്യാസ വകുപ്പുമന്ത്രിയേയോ ഇങ്ങനെയൊരു പരാതി അറിയിച്ചിട്ടില്ല. അതിനുമുമ്പ് നേരെപോയി സമരം ചെയ്യുകയാണ് ചെയ്തത്. അതിനാണ് ഇവിടെ മറുപടി പറഞ്ഞത്.

ശ്രീ. സി. ദിവാകരൻ: സർ, ഇത് രാജവാഴ്ചയല്ല, മഹാരാജാവിനെ മുഖം കാണിച്ച് പരാതികൊടുക്കാൻ. ജനങ്ങൾ നിങ്ങളുടെ ദാസന്മാരും അടിമകളുമല്ല. ജനങ്ങൾ പ്രതികരിക്കേണ്ടതുപോലെ പ്രതികരിക്കും. ജനാധിപത്യ സമ്പ്രദായത്തിൽ ഗവൺമെന്റ് ഇടപെടും. ആ രീതിയിൽ നിങ്ങൾക്ക് ഇടപെട്ടുകൂടായിരുന്നോ? നിങ്ങൾ ജനങ്ങൾക്കുവേണ്ടിയാണ് ഭരിക്കേണ്ടത്. നിങ്ങൾ ഇരിക്കുന്നിടത്ത് മെമ്മോറാണ്ടവുമായി വരാൻ നിങ്ങൾ ആരാണ്? നിവേദനം സമർപ്പിച്ചില്ലെങ്കിൽ ഞങ്ങൾക്ക് ഇഷ്ടമുള്ളതുപോലെ ചെയ്യും എന്നുപറയുന്നത് ശരിയല്ല. ഇങ്ങനെ ഒരു സംഭവം നടന്നു, ഇതിൽ ആരുടെ ഭാഗത്താണ് തെറ്റ് എന്ന് നിങ്ങൾ അന്വേഷിക്കണം. ആദ്യന്തര വകുപ്പുമന്ത്രി പറയുന്നത് വിദ്യാർത്ഥികൾ പോലീസിനെ തല്ലി എന്നാണ്. വിദ്യാർത്ഥികളുടെ പരാതി പോലീസ് അവരെ തല്ലി എന്നാണ്. എന്തായാലും വിദ്യാർത്ഥികളുടെ കയ്യിൽ ജലപീരങ്കിയും ഗ്രനേഡും ലാത്തിയുമൊന്നുമില്ല. വിദ്യാർത്ഥികൾ ഒരു കൈബോംബുപോലും എറിഞ്ഞിട്ടില്ല. ഒരു കത്തി കാണിച്ചിട്ടില്ല, നിങ്ങൾക്ക് പറയാമോ; സമാധാനപരമായി നടന്ന ഒരു സമരമാണ്. കല്ല് എറിയുന്നത് .........(ബഹളം). . . . എന്റെ തിരുവഞ്ചൂരേ ബോട്ട് സമരത്തിൽ ഒന്നും നടന്നില്ല അല്ലേ; നിങ്ങൾ പഴയ കാര്യം പറഞ്ഞതുകൊണ്ടാണ് ഞാനും പഴയ കാര്യം പറയുന്നത്. ഞങ്ങളിതൊന്നും മറന്നിട്ടില്ല. കേരളത്തിലെ വിദ്യാർത്ഥി സമൂഹത്തെ ഫീസ് കൂട്ടി പീഡിപ്പിക്കുക, അതിനെതിരെ പ്രതിഷേധിച്ചാൽ ചേരയെ തല്ലുന്നതുപോലെ പെരുവഴിയിലിട്ട് തല്ലുക– പ്രാകൃതമായ ഒരു നയമാണ്. ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി ഇന്നെങ്കിലും ഈ വിഷയത്തെ സംബന്ധിച്ച് പ്രതികരിക്കണം. വിദ്യാർത്ഥികളുടെ കാര്യമാണ് പറയുന്നത്. വിദ്യാർത്ഥി നേതാവാണ്. സമയംപോലെ ആക്ഷേപിക്കാനൊക്കെ അറിയാം. പക്ഷെ ഇതുംകൂടി കേൾക്കണം. അങ്ങ് സംയുക്ത സമ

രത്തിൽ വരുന്ന ആളല്ലേ കെ.എസ്.യു.-വിന്റെ പേരിൽ പണ്ട് യൂത്ത് അതിൽ സംയുക്തമല്ലേ? ന്യായീകരിക്കാമോ; ഇത് വളരെ നിർഭാഗ്യകരമായ സംഭവമാണ്. ആഭ്യന്തര വകുപ്പുമന്ത്രി, കണ്ണൂരിൽ നടന്നത് നിർഭാഗ്യകരമായ സംഭവമാണ് ഗവൺമെന്റിന് അതിൽ ഖേദമുണ്ട് എന്ന മനുഷ്യത്വപരമായ വാക്ക് പറയുമെന്ന് പ്രതീക്ഷിച്ചു. ഒന്നുമില്ലെങ്കിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി യെങ്കിലും കണ്ണൂരിൽ നടന്നത് നിർഭാഗ്യകരമായ സംഭവമായിപ്പോയി എന്നു പറയണ്ടേ.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, കണ്ണൂരിൽ നടന്നത് നിർഭാഗ്യക രമായ സംഭവമാണ്. ഡിവൈ.എസ്.പി-ക്ക് കല്ലേറ് കിട്ടിയ വിവരം മാത്രം അങ്ങ് പറയുന്നില്ല. ഡിവൈ.എസ്.പി-യും പോലീസുകാരും പരിക്കു പറ്റി ഹോസ്പിറ്റലിലാണ്. വിദ്യാർത്ഥികൾക്ക് പരിക്കുപറ്റിയതും പോലീസു കാർക്ക് പരിക്കുപറ്റിയതും നിർഭാഗ്യകരമാണ്. പ്രതിഷേധിക്കാനുള്ള അവകാശം ജനാധിപത്യത്തിലുള്ളതാണ്. സമരം ചെയ്യാനും പ്രതിഷധിക്കാ നുമുള്ളത് അവകാശം തന്നെയാണ്. പക്ഷെ മറ്റുള്ളവരുടെ അവകാശത്തെ നിഷേധിക്കരുത്, നിയമം ലംഘിക്കരുത്, പൊതുമുതൽ നശിപ്പിക്കരുത്- അങ്ങ് ഒരു വശം മാത്രം കാണുകയാണ്. ഗവൺമെന്റിന് രണ്ട് വശവും കാണേണ്ടിവരും. നമ്മൾ തമ്മിലുള്ള വ്യത്യാസം അതുമാത്രമേയുള്ളൂ. അങ്ങയുടെ പോക്ക് ഒറ്റപ്പോക്കാണ്. ഞങ്ങൾക്ക് എല്ലാ വശവും നോക്കേണ്ടി വരും. രാജാജിയുടെ മകന് പരിക്കുപറ്റിയാലും എസ്.എഫ്.ഐ-ക്കാർക്ക് പരിക്കുപറ്റിയാലും ഞങ്ങൾക്ക് നോക്കണം. അതാണ് പ്രശ്നം. അങ്ങയുടെ പാർട്ടിക്കാരന്റെ മകന് പരിക്കേറ്റത് അങ്ങേയ്ക്ക് പ്രശ്നമല്ല. അതിൽ ഞങ്ങൾക്ക് എന്ത് ചെയ്യാൻ കഴിയും? പക്ഷെ ഗവൺമെന്റിന് എല്ലാം നോക്കണം.

ശ്രീ. സി. ദിവാകരൻ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് പലപ്പോഴും ഞാൻ അപേക്ഷിക്കാറുണ്ട്. വ്യക്തിപരമായ കാര്യമായി നിയമസഭയിൽ ഈ വിഷയങ്ങൾ എടുക്കരുത്. നിങ്ങൾ ആ രീതിയിൽ എന്നെ തോല്പിക്കാനാണ് ഇപ്പോൾ നോക്കുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞ കാര്യങ്ങൾ ഞാൻ എഗ്രി ചെയ്യുന്നു. ഗവൺമെന്റിന് രണ്ട് ഭാഗവും നോക്കണമെന്നു പറയുന്നത് വളരെ ശരിയാണ്. പക്ഷെ നിങ്ങളിപ്പോൾ വിദ്യാർത്ഥികൾക്കു വേണ്ടിയല്ല, പോലീസിനുവേണ്ടിയാണ് വാദിക്കുന്നത്. അതാണ് എന്റെ ആക്ഷേപം. വിദ്യാർത്ഥികൾക്കുനേരെ നടന്ന സംഭവം നിർഭാഗ്യകരമാണ്, അതൊടൊപ്പം പോലീസിനും പരിക്ക് പറ്റിയിട്ടുണ്ട്. എന്റേത് ഒറ്റയാൻ പോക്കാണ് എന്നല്ലേ നിങ്ങൾ പറയുന്നത്. നിങ്ങളുടേത് ഒറ്റയാൻ പോക്കല്ലേ; പോലീസ് എന്നും സല്യൂട്ട് വയ്ക്കാൻ നിങ്ങൾക്കൊപ്പം ഉണ്ടാകുമോ? പോലീസിനെ ഇങ്ങനെ കയറൂരി വിടാമോ? അവരെ ശാസിക്കുകയും അവർക്ക് വേണ്ട നിർദ്ദേശം കൊടുക്കുകയും വേണം. ഈ സംഭവം നടക്കുമ്പോൾ അവിടെ ആർ.ഡി.ഒ. ഇല്ലായിരുന്നു. കളക്ടറുടെ ഉത്തരവില്ലായിരുന്നു. നിയമവിരുദ്ധമായ കാര്യങ്ങളാണ് നടന്നത്. അതാണ് നിങ്ങൾ അന്വേഷണത്തെ പേടിക്കുന്നത്. ആർ.ഡി.ഒ.-യുടേയോ കളക്ടറുടേയോ അനുവാദമില്ലാതെ ലാ ആന്റ് ഓർഡർ കാര്യത്തിൽ ജനങ്ങളെ പിരിച്ചുവിടാൻ പോലീസിന് യാതൊരു അധികാരവുമില്ല. ഞാൻ പറഞ്ഞത് ശരിയാണോ എന്ന് നിങ്ങൾ അന്വേഷണം നടത്തി നോക്കണം.

മി. സ്പീക്കർ: ശ്രീ. സി. ദിവാകരൻ............. 10 മിനിട്ട് എടുത്തു.

ശ്രീ. സി. ദിവാകരൻ: സർ, പുതിയ പോലീസ് ആക്ട് ഞങ്ങൾ നോക്കുന്നുണ്ട്. പോലീസ് ആക്ട് വലിയ കുഴപ്പമാണ്. നിങ്ങൾ പറയുന്നത്

ശരിയാണെങ്കിൽ ഇതിനെക്കുറിച്ച് അന്വേഷണം നടത്താൻ എന്തിനാണ് പേടിക്കുന്നത്? അന്വേഷണം നടത്തില്ല, സഭ നിർത്തിവച്ച് ചർച്ച ചെയ്യില്ല, നീതി ലഭിക്കുന്നില്ല. വിദ്യാർത്ഥികളുടെ നേർക്കുള്ള ഈ വേട്ടയാടൽ അവസാനിപ്പിച്ചില്ലെങ്കിൽ ഗുരുതരമായ കുഴപ്പമാണ് നിങ്ങൾ നേരിടാൻ പോകുന്നത് എന്ന് പറഞ്ഞുകൊണ്ട് ഈ വിഷയം ചർച്ച ചെയ്യാൻ അനുവദിക്കാത്തതിൽ പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. സി. ദിവാകരനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി)

ശ്രീ. മാത്യൂ റ്റി. തോമസ്: സർ, രണ്ട് വിഷയങ്ങളാണ് ഇവിടെ ഉന്നയിക്കപ്പെട്ടത്. ഈ രണ്ട് വിഷയങ്ങളേയും ഈ സർക്കാർ ന്യായീകരിക്കുകയാണ്. അതിൽ ഒന്ന്, ഫീസ് വർദ്ധനവ്. നാല് കാശ് ഒരണയായി വർദ്ധിപ്പിച്ചപ്പോൾ വലിയ വർദ്ധനവെന്ന് വിശേഷിപ്പിച്ചരുടെ പിൻതലമുറ 200 രൂപ 1000 രൂപയായും 500 രൂപ 2000 രൂപയായും വർദ്ധിപ്പിക്കുമ്പോൾ അതിനെ ചെറിയ ഒരു വർദ്ധനവെന്ന് വിശേഷിപ്പിച്ചത് ഖേദകരമായിപ്പോയി. അതിനെതിരെ സമരം ചെയ്ത വിദ്യാർത്ഥികളുടെ നേരെ നടത്തിയ നായാട്ട് ഖേദകരമായിപ്പോയി. പോലീസ് നോക്കുകുത്തിയായി നിൽക്കണമെന്നല്ല അതിന്റെ അർത്ഥം. സമരക്കാർ അക്രമത്തിലേയ്ക്ക് പോകുമ്പോൾ പോലീസ് ഇടപെടണം. കഠിനംകുളത്ത് ചെയ്തതുപോലെ ഒരാളെ വെട്ടിക്കൊല്ലുമ്പോഴും കണ്ടുകൊണ്ടുനിൽക്കുന്ന പോലീസ് ആകരുത് കേരളത്തിലെ പോലീസ്. ആ കാര്യത്തിൽ സംശയമൊന്നുമില്ല. സമരത്തിലുള്ള വിദ്യാർത്ഥികളെ നിയന്ത്ര

ണവിധേയമാക്കിയതിനുശേഷവും പിന്നെയും അവരെ തല്ലിച്ചതയ്ക്കുന്നതിന് പോലീസിന് എന്തിനാണ് അധികാരം കൊടുക്കുന്നത്? വിദ്യാർത്ഥികളെ പോലീസ് മർദ്ദിച്ചിരിക്കുകയാണ്. ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിയും മുഖ്യമന്ത്രിയും അതിനെ ന്യായീകരിക്കുകയാണ്. അമിതമായ ഫീസ് വർദ്ധനവിൽ പ്രതിഷേധിച്ച വിദ്യാർത്ഥികളെ തല്ലിച്ചതച്ചതിനെ ന്യായീകരി ക്കുന്ന സർക്കാരിന്റെ നിലപാടിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്ക് ഔട്ട് നടത്തുന്നു.

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. മാത്യൂ ടി. തോമസും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

ശ്രീ. എ. എ. അസീസ്: സർ, അമിതമായ ഫീസ് വർദ്ധനവിനെതിരെ വിദ്യാർത്ഥി സമൂഹം സ്വാഭാവികമായും പ്രതികരിക്കുക പതിവാണ്. ഫീസ് വർദ്ധനവ് പോലെ, അനീതിക്കെതിരെ പ്രതികരിക്കുന്ന ഒരു വിഭാഗമാണ് വിദ്യാർത്ഥികൾ. വിദ്യാർത്ഥിസമരത്തെ മുൻകൂട്ടി, അവരുടെ അവശതകളെ, പ്രശ്നങ്ങളെ സംബന്ധിച്ച് പരാതിപ്പെട്ടിരുന്നൂവെങ്കിൽ ആ പരാതിക്ക് പരിഹാരം കാണാൻ സാധിക്കുമായിരുന്നു എന്നാണ് ബഹുമാനപ്പെട്ട ആഭ്യന്ത രവകുപ്പുമന്ത്രിയും വിദ്യാഭ്യാസ വകുപ്പുമന്ത്രിയും പറഞ്ഞത്. പണ്ടൊക്കെ അങ്ങനെയായിരുന്നോ വിദ്യാർത്ഥി സമരമുണ്ടായത്? അത് ഓർക്കേണ്ട കാര്യമാണ്. പണ്ട് കാലത്ത് വിദ്യാർത്ഥികളുടെ പ്രശ്നമുണ്ടാകുമ്പോൾ ഉടനെ തന്നെ മന്ത്രിമാരെ സമീപിച്ച് അപേക്ഷ കൊടുക്കുന്ന പതിവുണ്ടായിരുന്നോ? വിദ്യാർത്ഥികളുടെ പ്രശ്നങ്ങളുണ്ടായാൽ, അമിതമായ ഫീസ് വർദ്ധനവു ണ്ടായാൽ വിദ്യാർത്ഥികൾക്കെതിരെയുള്ള പ്രശ്നങ്ങൾ വരുമ്പോൾ, അവർ

കൂട്ടായി പ്രതികരിക്കും. അവർ യുവാക്കളാണ്, കുട്ടികളാണ് അവർ പ്രതികരിക്കും. അങ്ങനെ പ്രതികരിക്കുന്നവരെ കൈകാര്യം ചെയ്യുമ്പോൾ അതിക്രമങ്ങളുണ്ടാകും. അങ്ങനെ ഉണ്ടായിട്ടുണ്ട്. അതിന്റെ ഫലമായിട്ടാണ് ഇവിടെ നേരത്തെ സൂചിപ്പിച്ചതുപോലെ ആഭ്യന്തര വകുപ്പുമന്ത്രിക്ക് മർദ്ദനമേറ്റിട്ടുള്ളത്. വിദ്യാർത്ഥിപ്രസ്ഥാനത്തിൽ പ്രവർത്തിച്ച ആളുകൾക്ക്, അപ്പുറത്തും ഇപ്പുറത്തുമിരിക്കുന്ന ആളുകൾക്ക് പല പ്രാവശ്യവും മർദ്ദനങ്ങളേറ്റിട്ടുണ്ട്. അതൊക്കെ സ്വാഭാവികമാണ്. ആ മർദ്ദനങ്ങളും സംഭവങ്ങളും ഉണ്ടാകുമ്പോൾ പോലീസിനും മർദ്ദനമേറ്റിട്ടുണ്ട്. ധാരാളം പോലീസുകാർക്ക് തലപൊട്ടുകയുമൊക്കെ ചെയ്തിട്ടുണ്ട്. അതുകൊണ്ട് അതൊരു പുതിയ സംഭവമല്ല. എന്നാൽ പിരിഞ്ഞുപോകുന്ന ആളുകളെ ഹോസ്റ്റലുകളിൽ കയറി ആക്രമിക്കുക, പെൺകുട്ടികളെ പീഡിപ്പിക്കുക, ഹോസ്റ്റലിലിരിക്കുന്ന വിദ്യാർത്ഥികളെ പിടിച്ചിറക്കി മർദ്ദിക്കുക ഇത്തരം സംഭവമാണ് ഇന്നലെ കണ്ണൂരിൽ നടന്നത്. അവിടെ നടന്ന സംഭവം ദൃശ്യമാധ്യമങ്ങളിൽ കൂടി കാണാൻ സാധിച്ചതാണ്. അതിക്രൂരമായ, ഭീകരമായ മർദ്ദനമാണ് ഇവിടെ നടത്തിയത്. പോലീസിന് മർദ്ദനമേറ്റിട്ടുണ്ടെങ്കിൽ, പോലീസിനേറ്റ മർദ്ദനവും വിദ്യാർത്ഥികൾക്ക് മർദ്ദനമേറ്റിട്ടുണ്ടെങ്കിൽ വിദ്യാർത്ഥികളുടെ പ്രശ്നങ്ങളും ഇത് രണ്ടും ഒരുമിച്ച് ചർച്ച ചെയ്യാൻ സാധിക്കുമായിരുന്നല്ലോ? ഡിവൈ.എസ്.പി. ആശുപത്രിയിലാണെങ്കിൽ ഡിവൈ.എസ്.പി.ക്ക് മർദ്ദനമേറ്റിട്ടുണ്ടോ, വിദ്യാർത്ഥികളെ ഹോസ്റ്റലുകളിൽ കടന്നുകയറി അവരെ പിടിച്ചിറക്കി പെൺകുട്ടികൾ ഉൾപ്പെടെയുള്ളവരെ ആക്രമിച്ചിട്ടുണ്ടോ എന്നീ കാര്യങ്ങൾ ചർച്ച ചെയ്യണമെന്നാണ് ഞങ്ങൾ ആവശ്യപ്പെട്ടത്. ഈ കാര്യങ്ങളിൽ ചർച്ച ചെയ്യാൻ കൂട്ടാക്കാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്ക് ഔട്ട് നടത്തുന്നു.

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. എ. എ. അസീസും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

(സഭ വിട്ട് പുറത്തുപോയ അംഗങ്ങൾ അൽപ്പസമയത്തിനുശേഷം സഭയിൽ ഹാജരാകുകയും ചെയ്തു.)

(ശ്രദ്ധക്ഷണിക്കൽ)